# പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## നാലാമത് റിപ്പോർട്ട്

**(2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)**

**(2017 മെയ് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2017

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)

**നാലാമത് റിപ്പോർട്ട്**

**(2016 ജനവരി 1 മുതൽ ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)**

(2017 മേയ് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

904/2017.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I | : 31-8-2016-ലെ യോഗതീരുമാന പ്രകാരം നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ് | .. | 44 |
| അനുബന്ധം II | : സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2016-ൽ നടപടികൾ അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ് | .. | 51 |
| അനുബന്ധം III | : സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തതിനാൽ തീർപ്പാക്കാത്ത നിവേദനങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 68 |

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. മുല്ലക്കര രത്നാകരൻ

<u>അംഗങ്ങൾ:</u>

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബ വർഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019), 2016 ജനുവരി 1 മുതൽ ഡിസംബർ31 വരെ പരിഗണിച്ച വിഷയങ്ങളിൽ നടപടികൾ അവസാനിപ്പിച്ചതും നടപടികൾ അവശേഷിക്കുന്നതുമായ ഫയലുകളുടെ ലിസ്റ്റ് ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2017 മേയ് 22-ന് കൂടിയ സമിതിയോഗം അംഗീകരിച്ചു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 22.

# റിപ്പോർട്ട്

1. കേരള സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി പഠിക്കുക, മലിനീകരണംമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടു കൂടിയാണ് കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി 1992 ജൂലൈ 27-ാം തീയതി രൂപീകൃതമായത്. പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേലും സമിതി സ്വമേധയാ പരിഗണിക്കുന്ന വിഷയങ്ങളിന്മേലും സർക്കാരിൽനിന്നും റിപ്പോർട്ട് തേടുക, പരിസ്ഥിതി പ്രശ്നങ്ങളുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അവ പരിഹരിക്കുന്നതിന് നടപടി ശിപാർശ ചെയ്യുക, പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച നിവേദനങ്ങളിന്മേൽ അവശ്യമെങ്കിൽ സ്ഥലം നേരിട്ട് സന്ദർശിച്ച് വിലയിരുത്തുക, പ്രശ്നപരിഹാരത്തിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, പൊതുപ്രാധാന്യമുള്ള പരിസ്ഥിതി വിഷയങ്ങൾ സ്വമേധയാ പഠന വിധേയമാക്കുകയും അതു സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയും ചെയ്യുക എന്നിവയാണ് സമിതിയുടെ പ്രധാന ചുമതലകൾ. സമിതി അതിന്റെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങൾക്ക് 2012 ഒക്ടോബർ 1-ന് രൂപം നൽകി.

2. 2016 വർഷത്തിൽ സമിതി മുമ്പാകെ പുതുതായി 28 നിവേദനങ്ങൾ ലഭിച്ചു. സമിതി മുമ്പാകെ ലഭിക്കുന്ന നിവേദനങ്ങളിന്മേൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ട് സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധികവിവരം ആവശ്യപ്പെടുകയും ചെയ്യുന്നു. നിവേദനങ്ങളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി വിവരം അറിയിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ കാണിക്കുന്ന അനാസ്ഥ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് തടസ്സമാകുന്നുണ്ട്. കൂടുതൽ വിശദീകരണം വേണ്ട വിഷയങ്ങളിലും റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം വരുത്തുന്നവയിന്മേലും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽനിന്നും സമിതി തെളിവെടുപ്പ് നടത്തുകയും ചെയ്യുന്നു. കൂടാതെ, യുക്തമെന്ന് തോന്നുന്നപക്ഷം നിവേദനത്തിൽ പരാമർശിക്കുന്ന സ്ഥലം സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും തെളിവെടുപ്പുവേളയിൽ നിവേദകർക്ക് കൂടി അവരുടെ അഭിപ്രായം സമിതിയെ ബോധിപ്പിക്കുവാനുള്ള അവസരം നൽകുകയും ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്നതുമൂലം പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നീതിപൂർവ്വം കാര്യങ്ങൾ തീർപ്പാക്കാനും സാധിക്കുന്നു.

3. പതിനാലാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019), 2016 ജൂലൈ 25-ന് രൂപീകൃതമായി. 2016 വർഷത്തിൽ സമിതി 3 തെളിവെടുപ്പ് യോഗങ്ങൾ ഉൾപ്പെടെ 15 യോഗങ്ങൾ ചേരുകയുണ്ടായി.

പരിസ്ഥിതി സംബന്ധിച്ച സമിതി 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | റിപ്പോർട്ട് നമ്പർ | വിഷയം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 34 | സമിതി (1996-1998)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ (കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, മരുതോംകര പഞ്ചായത്തുകളിലെ വനനശീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |
| 2 | 35 | സമിതി (2004-2006)യുടെ ഏഴാമത് റിപ്പോർട്ടിലെ (വേമ്പനാട് കായലിലെ മലിനീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |
| 3 | 36 | സമിതി (2006-2009)യുടെ അഞ്ചാമത് റിപ്പോർട്ടിലെ [സമിതി (1992-1994)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശാസ്താംകോട്ട ശുദ്ധജല തടാകം സംബന്ധിച്ച്] ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |
| 4 | 37 | സമിതി (2011-2014)യുടെ ഒന്നാമത് റിപ്പോർട്ടിലെ (പാർവ്വതീ പുത്തനാർ വേളി-ആക്കുളം കായൽ പ്രദേശങ്ങൾ നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |
| 5 | 38 | സമിതി (2014-2016)യുടെ ഏഴാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |
| 6 | 39 | സമിതി (2006-2009)യുടെ രണ്ടാമത് റിപ്പോർട്ടിലെ (പെരിയാർ മലിനീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |
| 7 | 40 | സമിതി (2011-2014)യുടെ അഞ്ചാമത് റിപ്പോർട്ടിലെ (കോഴിക്കോട് ജില്ലയിലൂടെ ഒഴുകുന്ന നദികൾ നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 41 | സമിതി (1996-1998)യുടെ എട്ടാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ നഗരങ്ങളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |
| 9 | 42 | സമിതി (1998-2000)യുടെ പതിനാറാമത് റിപ്പോർട്ടിലെ (കോവളം വിനോദസഞ്ചാര കേന്ദ്രത്തിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |
| 10 | 43 | സമിതി (2001-2003)യുടെ മൂന്നാമത് റിപ്പോർട്ടിലെ (എറണാകുളം കരിമുകൾ ഫിലിപ്പ് കാർബൺ ബ്ലാക്ക് കമ്പനി ഉളവാക്കുന്ന മലിനീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 24-2-2016 |
| 11 | 44 | പരിസ്ഥിതി സംബന്ധിച്ച സമിതി 2015 ജനുവരി മുതൽ ഡിസംബർ വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് (സമിതിയുടെ ജനറൽ റിപ്പോർട്ട്) | 24-2-2016 |

4. സമിതിക്ക് ലഭിച്ച വിവിധ നിവേദനങ്ങളിന്മേൽ 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കുവന്ന സർക്കാർ റിപ്പോർട്ടുകളിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതും, സമിതിയോഗ തീരുമാനപ്രകാരം ഫയൽ നടപടി അവസാനിപ്പിച്ച ഫയലുകൾ, അന്തിമ മറുപടി ലഭിക്കാത്തതിനാൽ തീർപ്പാക്കാൻ കഴിയാത്ത ഫയലുകൾ എന്നിവ സംബന്ധിച്ചുമുള്ളതാണ് ഈ റിപ്പോർട്ട്.

5. ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സംവിധാനത്തിന്റെ ഭാഗമായിട്ടാണ് പരിസ്ഥിതി സമിതി പ്രവർത്തിക്കുന്നതെന്നും പൊതുജനങ്ങൾക്ക് ഉദ്യോഗസ്ഥരുടെ മുമ്പാകെയോ സമിതിക്കുമുമ്പാകെയോ പരാതി നൽകാനുള്ള അവകാശമുണ്ടെന്നും ജനാധിപത്യ വ്യവസ്ഥയിൽ അത്തരം പരാതികൾ പരിഗണിച്ച് അവയ്ക്ക് ഉചിതമായ തീർപ്പ് കല്പിക്കുമ്പോഴാണ് പൗരന്റെ അവകാശം സംരക്ഷിക്കപ്പെടുന്നതെന്നും സമിതി വിലയിരുത്തുന്നു. നിയമസഭാ സമിതികളുടെ ചട്ടമനുസരിച്ച് സർക്കാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടാൽ പരമാവധി 30 ദിവസങ്ങൾക്കുള്ളിൽ അതിന്റെ മറുപടി

നൽകണമെന്നിരിക്കേ, ആയത് നൽകാൻ നിരവധി വർഷങ്ങളെടുക്കുന്നത് നീതീകരിക്കാനാവില്ലെന്ന വസ്തുത വിവിധ സർക്കാർ വകുപ്പുകളെ സമിതി ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു. സമിതിയുടെ പരിഗണനയിലുള്ള നിവേദനങ്ങളിന്മേൽ സമിതി ആവശ്യപ്പെടുന്ന വിശദീകരണം ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

6. സമിതിക്ക് ലഭിച്ച നിവേദനങ്ങൾ സർക്കാരിലേക്ക് അയച്ച് നിരവധി വർഷങ്ങൾ കഴിഞ്ഞിട്ടും തീർപ്പാക്കാൻ കഴിയാഞ്ഞതും തീർപ്പാക്കാൻ ഇനിയും കാലതാമസം നേരിടും എന്നും കണ്ടെത്തിയിട്ടുള്ള പ്രാധാന്യമർഹിക്കുന്ന ഏതാനും ഫയലുകളിലെ വിഷയങ്ങളിന്മേൽ പുതിയ ഫയൽ ആരംഭിക്കുന്നതിനും മറ്റുള്ളവയുടെ ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതിനും സമിതിയുടെ 31-8-2016-ലെ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഫയലുകളുടെ വിശദാംശം ഈ റിപ്പോർട്ടിന്റെ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി അവസാനിപ്പിച്ച ഫയലുകളുടെ വിശദാംശം അനുബന്ധം II ആയും സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തതിനാൽ യഥാസമയം തീർപ്പാക്കാൻ കഴിയാത്ത നിവേദനങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധം III ആയും ഈ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

7. സമിതിയുടെ ശക്തമായ ഇടപെടൽ നിമിത്തം അനുകൂല തീരുമാനമുണ്ടായ നിരവധി നിവേദനങ്ങളുണ്ട്. അവയിൽ ചില നിവേദനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

(i) തൃശ്ശൂർ ജില്ലയിലെ പരിസ്ഥിതി സംഘടനയായ 'പ്ലാന്റ്' സെക്രട്ടറി ശ്രീ. ബാബു ജോസ് സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 12740/പരി1/2004/നി.സെ.)

പ്ലാസ്റ്റിക് കവറുകൾ റോഡിൽ വലിച്ചെറിയുന്നതിനാൽ മഴ പെയ്യുമ്പോൾ ഓടകളിലേക്ക് ഒലിച്ചിറങ്ങി വെള്ളക്കെട്ടിന് കാരണമാകുന്നു, പ്ലാസ്റ്റിക് കവർ കൂട്ടിയിട്ട് കത്തിക്കുന്നതിനാൽ മാരക രോഗങ്ങൾക്ക് കാരണമാകുന്ന വാതകങ്ങൾ അന്തരീക്ഷത്തിൽ കലരുന്നു, റോഡിന്റെ വശങ്ങളിൽ നിക്ഷേപിക്കുന്നതിനാൽ വായു മലിനമാകുന്നു, തൃശ്ശൂർ നഗരത്തിലേയും പരിസര പ്രദേശങ്ങളിലേയും സെപ്റ്റിക് ടാങ്കുകളുടെ വായു ബഹിർഗമന കുഴലിന്റെ അഗ്രത്തിലുള്ള നെറ്റ് ദ്രവിച്ചതിനാൽ മലേറിയ, ഡെങ്കിപ്പനി, ജപ്പാൻജ്വരം, മന്ത് എന്നിവ പരത്തുന്ന കൊതുക് ടാങ്കുകളുടെ ഉള്ളിലേക്ക് വന്ന് മുട്ടയിടുന്നു, ആശുപത്രികളിലെ മലിനജലം പുറത്തേക്ക് ഒഴുകുന്നു എന്നീ പരാതികൾ പരിഹരിക്കാൻ സമിതി ഇടപെടണമെന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്.

പരാതി പരിഗണിച്ച സമിതി പരിസ്ഥിതി, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

## പരിസ്ഥിതി വകുപ്പ്

(കത്ത് നമ്പർ 411/എ 3/07/പരി., തീയതി 20-1-2009)

പ്ലാസ്റ്റിക് കവറുകൾ ഒരൊറ്റ ഉപയോഗത്തിനുശേഷം അലക്ഷ്യമായി വലിച്ചെറിയുന്നത് നിരുത്സാഹപ്പെടുത്താൻ 30 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് കവറുകളുടെയും കണ്ടെയ്നറുകളുടെയും ഉപയോഗം 8-2-2007 മുതൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിരോധിച്ചിരുന്നു. ഇതേ തുടർന്ന് പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ പുനഃരുപയോഗവും പുനഃചംക്രമണവും പ്രോത്സാഹിപ്പിക്കാൻ 29-3-2008-ലെ വിജ്ഞാപന പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാസ്റ്റിക്കിന്റെ കുറഞ്ഞ കനം 50 മൈക്രോണായി ഉയർത്തി. തുടർന്ന് ആൾ കേരള പ്ലാസ്റ്റിക് ഡീലേഴ്സ് അസ്സോസിയേഷൻ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജിയിലെ 2-5-2008-ലെ ഇടക്കാല ഉത്തരവുപ്രകാരം ഹൈക്കോടതി ടി വിജ്ഞാപനം സ്റ്റേ ചെയ്തു.

പ്ലാസ്റ്റിക്, അറവുശാല അവശിഷ്ടങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നഗര ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന്റെയും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെയും ചുമതല അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഖര മാലിന്യ നിർമ്മാർജ്ജനത്തിനും കൊതുകുശല്യ നിവാരണത്തിനും ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തൃശ്ശൂർ കോർപ്പറേഷനിലെ മിക്ക ആശുപത്രികളും പാഴ്ജലം ശുദ്ധീകരിക്കാൻ പാഴ്ജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ശുദ്ധീകരിച്ച പാഴ്ജലം മാത്രമേ ഓടകളിലേക്ക് ഒഴുക്കുന്നുള്ളൂ. മലിനീകരണ നിയന്ത്രണ ബോർഡുദ്യോഗസ്ഥർ ആശുപത്രികൾ ഇടയ്ക്കിടെ പരിശോധിച്ച് പാഴ്ജല ശുദ്ധീകരണം ശരിയായി നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ ( ഡി. സി.) വകുപ്പ്

(കത്ത് നമ്പർ 69319/ഡി.സി1/2014/തസ്വഭവ., തീയതി 21-7-2015)

തൃശ്ശൂർ നഗരത്തിലെ ഖരമാലിന്യം ലാലൂരിലുള്ള ഖരമാലിന്യസംസ്കരണ കേന്ദ്രത്തിലാണ് സംസ്കരിച്ചുവന്നിരുന്നത്. 22-1-2012 മുതൽ ലാലൂർ സമരവുമായി ബന്ധപ്പെട്ട് പട്ടണത്തിലെ മാലിന്യം ലാലൂരിലേക്ക് നീക്കം ചെയ്ത് സംസ്കരിക്കുന്നത് നിർത്തി. മാലിന്യനീക്കം പെട്ടെന്ന് തടസ്സപ്പെട്ട നാളുകളിൽ മാത്രം മറ്റ് സംവിധാനങ്ങളൊന്നും ഇല്ലാത്തതിനാൽ പൊതുജനങ്ങളും സാമൂഹ്യവിരുദ്ധരും മാലിന്യക്കൂമ്പാരത്തിൽ തീയിട്ട് കത്തിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിരുന്നു. മേൽ സാഹചര്യത്തിൽ അക്കാലത്ത് കെട്ടിക്കിടന്ന മുഴുവൻ ഖരമാലിന്യവും കത്തിക്കരിഞ്ഞ മാലിന്യം ഉൾപ്പെടെ സംസ്ഥാനത്തിനുപുറത്തുള്ള ഖരമാലിന്യസംസ്കരണ പ്ലാന്റുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥപ്രകാരം നീക്കം ചെയ്യുകയും തുടർന്ന് ശക്തവും നിരന്തരവുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നത് നിർത്തലാക്കുകയും ചെയ്തു. ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾക്ക് ധനസഹായം നൽകുകയും ഫ്ലാറ്റുകളിൽ ഖരമാലിന്യ സംസ്കരണം നടപ്പിലാക്കുകയും ഉണ്ടായി. സബ്സിഡി ഇനത്തിൽ 60 ലക്ഷത്തോളം രൂപ ഇതിനോടകം നൽകുകയുണ്ടായിട്ടുണ്ട്. കൂടാതെ ഖരമാലിന്യം സ്രോതസ്സിൽ തരംതിരിച്ച് ശേഖരിക്കുന്നതിനും ജൈവമാലിന്യം സംസ്കരിക്കുന്നതിനും ഖരമാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യം കർഷകർക്ക് വളമാക്കാനായി നേരിട്ട് നൽകാനുള്ള കുറ്റമറ്റ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. തരംതിരിച്ച് ശേഖരിക്കുന്ന അജൈവമാലിന്യം സംസ്ഥാനത്തിന് പുറത്തുള്ള സംസ്കരണ കേന്ദ്രത്തിൽ എത്തിച്ച് സംസ്കരിക്കാൻ സ്വകാര്യവ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അജൈവമാലിന്യം വീടുകളിൽ നിന്നും ഫ്ലാറ്റുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് ശേഖരിക്കുന്നതിനായി അജൈവമാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കടകളിൽ നിന്നും അജൈവമാലിന്യം നേരിട്ട് ശേഖരിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ പ്രക്രിയ നല്ലരീതിയിൽ തുടരുന്നതിനാൽ പട്ടണത്തിൽ മാലിന്യം കൂമ്പാരമാക്കി കത്തിക്കേണ്ട അവസ്ഥ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഇല്ല

തൃശ്ശൂർ കോർപ്പറേഷന് കുരിയച്ചിറയിൽ അറവുശാലയുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിയോടെയാണ് അറവുശാല പ്രവർത്തിക്കുന്നത്. മാലിന്യസംസ്കരണ സംവിധാനം അറവുശാലയിൽ ഒരുക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ മാംസാവശിഷ്ടങ്ങൾ വഴിയരികിൽ നിക്ഷേപിക്കേണ്ട സാഹചര്യം തൃശ്ശൂർ കോർപ്പറേനിൽ ഇല്ല. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റും കശാപ്പുശാലയോടനുബന്ധിച്ച് സ്ഥാപിച്ച പ്രവർത്തിച്ചുവരുന്നുണ്ട്

തൃശ്ശൂർ കോർപ്പറേഷൻ ഒരു മെയിൻ ഓഫീസും 5 മേഖലാ ഓഫീസുകളുമുള്ള 102 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള പ്രദേശമാണ്. കോർപ്പറേഷന്റെ പരിധിക്ക് വെളിയിൽ നിന്നും രാത്രികാലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർപ്പറേഷനിലെ ആരോഗ്യവിഭാഗം സ്ക്വാഡുകൾ രൂപീകരിച്ച് ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. നഗരത്തിലെ എല്ലാ വീടുകൾക്കും നല്ലരീതിയിൽ ഉള്ള സെപ്റ്റിക് ടാങ്ക് ഉണ്ട്. സെപ്റ്റിക് ടാങ്കിന്റെ വെന്റ് പൈപ്പ് ഇപ്പോൾ ഇൻബിൽട്ടാണ്. വെന്റ് പൈപ്പ് പ്രത്യേകമായി ഘടിപ്പിക്കേണ്ടതില്ല. മഴക്കാലപൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ സോഴ്സ് റിഡക്ഷൻ പ്രവർത്തനങ്ങളിലും ഡ്രൈഡേ പ്രവർത്തനങ്ങളിലും ഇത്തരത്തിലുള്ള ആക്ഷേപം പട്ടണപ്രദേശത്ത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അപൂർവ്വമായുള്ള പഴയ കക്കൂസുകളുടെ പൈപ്പുകളിൽ വലകെട്ടുന്നതിന് നിർദ്ദേശം നൽകിവരുന്നുണ്ട്. കൊതുകുനിവാരണത്തിനായുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നുണ്ട്.

പരാതിയിൽ ഉന്നയിക്കപ്പെട്ട വിധത്തിൽ എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികളുടെ ഉപയോഗവും നിയന്ത്രണവും സംബന്ധിച്ച് ആവശ്യമായ പരിശോധന നടത്തി നടപടി സ്വീകരിക്കേണ്ടത് കൃഷി വകുപ്പാണ്. നിരോധിക്കപ്പെട്ട കീടനാശിനികൾ വിൽപ്പന നടത്തുന്നില്ല എന്നാണ് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. നഗരസഭ ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ കൃഷിവകുപ്പുമായി സഹകരിച്ച് നടത്തി വരുന്നു. ആര്യവേപ്പിൻ കീടനാശിനി പ്രോത്സാഹിപ്പിക്കാൻ കൃഷിവകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകുന്നതാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തൃശ്ശൂർ നഗരപരിധിയിൽ 15 സ്വകാര്യ ആശുപത്രികൾ ഉണ്ട്. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ഇത്തരം സ്വകാര്യ ആശുപത്രികളിൽ മലിനജല സംസ്കരണത്തിന് മതിയായ ശാസ്ത്രീയ സംവിധാനം ഒരുക്കിയിട്ടുള്ളതും മലിനീകരണ നിയന്ത്രണബോർഡിന്റെ സമ്മതപത്രം പ്രവർത്തനാനുമതി ഉൾപ്പെടെ സമ്പാദിച്ചിട്ടുള്ളതുമാണ്. സ്വകാര്യ ആശുപത്രികളിലെ സംസ്കരിക്കാത്ത മലിനജലം പുത്തൻചാൽ വഴി അരണാട്ടുകര മനക്കൊടി ജലാശയങ്ങളിൽ എത്തുന്നതായി പരാതി ലഭിച്ചിട്ടില്ല.

## കൃഷി (എൻസിഎ) വകുപ്പ്

(കത്ത് നമ്പർ 2/77/2015/കൃഷി, തീയതി 7-10-2015)

രാസവളങ്ങളും കീടനാശിനികളും ശിപാർശ ചെയ്തിരിക്കുന്ന അളവിലും സമയത്തും മാത്രം ഉപയോഗിക്കുന്നതിനുള്ള ബോധവത്കരണം കർഷകർക്ക് കൃഷി ഭവനുകൾ വഴി നൽകിവരുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം രാസവളങ്ങൾ ഉപയോഗിക്കുവാൻ

ആവശ്യമായ നിർദ്ദേശങ്ങളും പദ്ധതികളും നടപ്പാക്കിവരുന്നു. സമ്പൂർണ്ണജൈവകാർഷിക സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ജൈവകൃഷി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു. ജലാശയങ്ങൾക്ക് തൊട്ടടുത്ത പാടശേഖരങ്ങളിലും കൃഷി സ്ഥലങ്ങളിലും ജൈവകൃഷി നിർബന്ധമാക്കുന്നത് പരിഗണിക്കുന്നതാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ തന്നെ ആവശ്യമായ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നു. കൂടാതെ ജൈവകീട നിയന്ത്രണകാരികൾ, എതിർപ്രാണികൾ എന്നിവയുടെ ഉല്പാദനം സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ എന്നിവ വഴി നടത്തുന്നു. രാസവള പ്രയോഗത്തിന് മുമ്പ് മണ്ണ് പരിശോധിച്ച് പരിശോധനാഫലം (സോയിൽ ഹെൽത്ത് കാർഡ്) കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ട്. ഇതിനായി സംസ്ഥാനത്ത് സജ്ജീകരിക്കപ്പെട്ട 14 ജില്ലാ മണ്ണ് പരിശോധനാശാലകളും 11 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാലകളും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. മണ്ണ് പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ മാത്രം രാസവളം പ്രയോഗിക്കുന്നതിനുള്ള ബോധവത്കരണം, കൃഷിഭവൻ തലത്തിൽ നടത്തുന്ന ബോധവത്കരണ കാമ്പയിനുകൾ, 'ആത്മ' ഗ്രൂപ്പ് കൺവീനർമാർ വഴിയുള്ള "ഓപ്പറേഷണൽ സപ്പോർട്ട് ആന്റ് സോയിൽ ടെസ്റ്റിംഗ് ഫെസിലിറ്റേഷൻ" പദ്ധതി എന്നിവ വഴി നടത്തുന്നു.

ഇൻസെക്റ്റിസൈഡ്സ് ആക്ട് 1968-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് സംസ്ഥാനത്ത് കീടനാശിനി കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നത്. കൂടാതെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 22/2011/കൃഷി, തീയതി 17-1-2011 പ്രകാരം കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വില്പനശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ശിപാർശ ചെയ്തിട്ടുള്ള അളവിൽ മാത്രം കീടനാശിനി ഉപയോഗിക്കുന്നതിനും ജൈവീക കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ പരമാവധി ഉപയോഗിക്കുന്നതിനും കർഷകർക്ക് ബോധവല്ക്കരണം നൽകുന്നുണ്ട്.

23-5-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 136/2011/എഡി നമ്പർ ഉത്തരവ് മുഖേന നിരോധിച്ച കീടനാശിനികളുടെ സംഭരണം, ഉപയോഗം, കള്ളക്കടത്ത് എന്നിവ തടയുന്നതിനും കീടനാശിനികൾ പിടിച്ചെടുക്കുന്നതിനുമായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ കൃഷി ഓഫീസർ കൺവീനറും അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളുമായുള്ള ജില്ലാതല സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

7-5-2011 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 116/2011/കൃഷി പ്രകാരം വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശികളായ CARBOFURAN,

PHORATE METHYLPARATHION, MONOCROTOPHOS, METHYL DEMETON എന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോട്ടുകൂടിയ കീടനാശിനികളായ TRIAZOPHOS, PREPHENOPHOS എന്നിവയുടെയും കമിൾ കീടനാശിനികളായ EDIPHENPHOS, TRICYCLAZOLE, OXYTHIOQUINOX എന്നിവയുടെയും കളനാശിനികളായ ANILOPHOS, PARAQUAT, THIOBENCARB, ATRAZIN എന്നിവയുടെയും വില്പനയും വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

28-7-2015 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 128/2015/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാസകീട/കുമിൾ/കളനാശിനികൾ എന്നിവയുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സമിതിയുടെ ശക്തമായ ഇടപെടലിനെത്തുടർന്ന് പ്രശ്നത്തിന് പരിഹാരം കാണുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

(ii) ഏരൂർ പഞ്ചായത്തിലെ 11-ാം വാർഡിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടയിലെ മാലിന്യം അടപ്പുപാറതോടിനെ മലിനീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. എസ്. എൻ. നൗഷാദ്, കൊല്ലം സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 340/പരി1/2014/നി.സെ.)

കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിലെ 11-ാം വാർഡിൽ ഉസൈബത്ത് എന്ന വ്യക്തി നടത്തുന്ന ഇറച്ചിക്കടയിൽനിന്നും കന്നുകാലികളെ അറുക്കുന്ന രക്തവും മറ്റ് അറവു മാലിന്യങ്ങളും കൂടിക്കലർന്ന് ഇത്തിക്കര ആറ്റിൽ ഒഴുകിയെത്തുന്നുവെന്നും കൂടാതെ അറവു ശാലയിലെ മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കാത്തതിനാൽ പ്രദേശവാസികൾ പല വിധത്തിലുള്ള രോഗങ്ങളുടെ പിടിയിലാണെന്നും നിവേദനത്തിൽ സൂചിപ്പിക്കുന്നു.

പരാതി റിപ്പോർട്ടിനായി തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ചുകൊടുക്കുകയുണ്ടായി. ആയതിന് 15-6-2015-ലെ 32237/ഡി.സി.1/2014/ തസ്വഭവ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണം (ഡി.സി.) വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കും പ്രകാരമായിരുന്നു:

കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്തതിനാൽ ഇറച്ചി വ്യാപാരം നടത്തുന്നതിന് ആർക്കുംതന്നെ ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ പഞ്ചായത്തിലെ പുതിയ 11-ാം വാർഡിൽ ശ്രീ. ജുബൈദ്, ചരുവിള പുത്തൻവീട്, മണലിൽ എന്നയാൾ പഞ്ചായത്തിന്റെ അനുമതിയോ ലൈസൻസോ കൂടാതെ ഇറച്ചി വ്യാപാരം നടത്തിവരുന്നതായി ലഭിച്ച പരാതിയുടെ

അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയും സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വയ്ക്കാൻ ടിയാന് നോട്ടീസ് നൽകുകയും നിയമലംഘനം തുടരുകയാണെങ്കിൽ കർശന നടപടി സ്വീകരിക്കുവാൻ ഏരൂർ പോലീസ് സ്റ്റേഷനിലേക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. ടി അനധികൃത സ്ഥാപനത്തിന് സമീപത്തുകൂടി ഒഴുകുന്ന അടപ്പുപ്പാറത്തോട് മലിനമാകുന്നതായി കണ്ടെത്താൻ കഴിഞ്ഞിരുന്നില്ലെന്ന് ഏരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ അടിയന്തരമായി സ്ലോട്ടർഹൗസുകൾ സ്ഥാപിക്കുന്നതിനും അനധികൃത ഇറച്ചിവിൽപ്പനശാലകൾ അടച്ചുപൂട്ടുന്നതിനും പഞ്ചായത്ത് ഭരണസമിതി കർശന തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും സമിതിയെ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സമിതിയുടെ ഇടപെടൽമൂലം നിവേദകന്റെ പരാതിക്ക് പരിഹാരമായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു.

(iii) ചൂരൽപൊയ്കയിലെ റെഡിമിക്സ് കമ്പനിയുടെ പ്രവർത്തനം നിരോധിക്കണ മെന്നാവശ്യപ്പെട്ട് ഗിരിവർഗ്ഗ വേടർ മഹാസഭ, ചൂരൽപൊയ്ക സംരക്ഷണ സമിതി എന്നിവയുടെ ഭാരവാഹികൾ സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 4568/പരി1/13/നി.സെ.)

കൊല്ലം ജില്ലയിൽ ആദിച്ചനല്ലൂർ വില്ലേജിലെ പാരിസ്ഥിതിക പ്രാധാന്യമുള്ള ചൂരൽപൊയ്കയിൽ ഒരു വൻകിട റെഡിമിക്സർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആദിച്ചനല്ലൂർ പഞ്ചായത്ത് ഭരണസമിതി അനുമതി നൽകിയെന്നും പ്രസ്തുത കമ്പനി നിലവിൽ വന്നാൽ ടി പ്രദേശത്തെ പാരിസ്ഥിതിക സന്തുലിതാവസ്ഥ താളംതെറ്റുമെന്നും നിയമവിരുദ്ധമായി വയൽ നികത്തി ജനങ്ങളുടെ കുടിവെള്ള ലഭ്യത ഇല്ലാതാക്കുന്ന കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനും, വയൽ നികത്തൽ തടയുന്നതിനും നടപടി ആവശ്യപ്പെട്ടാണ് നിവേദനം സമർപ്പിച്ചിരുന്നത്.

നിവേദനത്തിന്മേൽ തദ്ദേശസ്വയംഭരണം, റവന്യൂ, വ്യവസായം എന്നീ വകുപ്പുകളോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന് വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(കത്ത് നമ്പർ 78781/ആർ.സി3/2013/തസ്വഭവ. തീയതി 25-6-2014)

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ ചൂരൽപൊയ്ക പ്രദേശത്ത് പ്രവർത്തിക്കുന്ന റെഡിമിക്സ് കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ചാണ് പരാതി. നിരക്ഷരരും നാമമാത്ര ഭൂഉടമകളും നിരവധി ഭൂരഹിത കുടുംബങ്ങളും (ബി.പി.എൽ.) തിങ്ങി താമസിക്കുന്ന പ്രദേശമാണിത്. ഇവിടെ പ്രവർത്തിക്കുന്ന റെഡിമിക്സ് കമ്പനി വ്യാപകമായി ജലചൂഷണം നടത്തുന്നു എന്നും ആയതിനാൽ ജലത്തിന്റെ വിതാനം കുറഞ്ഞുവരുന്നു എന്നും പരാതിയിൽ

പരാമർശിച്ചിരിക്കുന്നു. കൂടാതെ ജനങ്ങളുടെ സ്വൈരജീവിതത്തിന് തടസ്സം, മാരകരോഗങ്ങൾ പരത്തുക എന്നിവയും സ്ഥാപനംമൂലമുണ്ടാകുന്നുവെന്നും പരാതിപ്പെട്ടിരിക്കുന്നു. എന്നാൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ പ്രകാരം പരാതിയിൽ കഴമ്പില്ലായെന്നും ഈ കമ്പനിക്ക് നിയമാനുസൃതമായിട്ടാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ WP(C) 26235/13, WP (C) 30618/13 എന്നിങ്ങനെ ഹർജികൾ നിലനിൽക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി ഹർജികളുടെ തീർപ്പിന് വിധേയമായി മാത്രമേ ഈ വിഷയത്തിൽ തുടർ നടപടികൾ കൈക്കൊള്ളാനാകൂ എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## റവന്യൂ (പി) വകുപ്പ്

(കത്ത് നമ്പർ 706/പി2/14/റവ., തീയതി 23-7-2014)

കൊല്ലം താലൂക്ക് ആദിച്ചനെല്ലൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 28-ൽ റീസർവ്വെ 281/139-ൽപ്പെട്ട 17.60 ആർസ് പുരയിടവും അതിനോട് ചേർന്ന് സർവ്വേ നമ്പർ 283/16-ൽപ്പെട്ട 53 ആർസ് നിലവും ആണ് പരാതിക്കാസ്പദമായിട്ടുള്ളത്. വില്ലേജ് രേഖകൾ പ്രകാരം 12755-ാം നമ്പർ തണ്ടപ്പേരിൽ വെളിയിൽ പുത്തൻവീട്ടിൽ കാസിംകുഞ്ഞ് മകൻ മുഹമ്മദ് ഹനീഫ, ടിയാൻ മകൻ ഷാജഹാൻ എന്നിവരുടെ പേരിലുള്ള ടി സ്ഥലം കൊല്ലം ജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ. ലക്ഷ്മണൻ ആന്റ് കമ്പനിക്കുവേണ്ടി റെഡിമിക്സ് കോൺക്രീറ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി, ടി കമ്പനിയുടെ മാനേജിംഗ് പാർട്ട്ണർ ആയ ആക്കാവിള വീട്ടിൽ ലക്ഷ്മണൻ മകൻ സാദിഖ് എന്നയാൾക്ക് വാടകയ്ക്ക് നൽകുകയും ടിയാൻ പ്രസ്തുത സ്ഥലം മണ്ണിട്ട് നികത്തുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് ഏകദേശം 25 വർഷം പ്രായമുള്ള കായ്ഫലമുള്ള 25 മൂട് തെങ്ങ്, 4 മൂട് തൈതെങ്ങ്, ഒരു മൂട് തൈപറങ്കി എന്നിവ ഉള്ളതായും കളക്ടറുടെ റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ നിലം നികത്തിയത് അനധികൃതമായിട്ടായതിനാൽ തണ്ടപ്പേർ കക്ഷിക്കെതിരെ നെൽവയൽ തണ്ണീർത്തട സംരക്ഷണം നിയമം 2008 പ്രകാരം നടപടി സ്വീകരിക്കുകയും നിലം പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനായി കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസർ 15-5-2013-ൽ 4201/13 നമ്പരായി ഉത്തരവാകുകയും എന്നാൽ ടിയാൻ പ്രസ്തുത ഉത്തരവ് പാലിക്കാതെ വന്ന സാഹചര്യത്തിൽ ടിയാനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് കൊട്ടിയം പൊലീസിന് നിർദ്ദേശം നൽകിയതായും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാതിക്കാസ്പദമായ കമ്പനിയുടെ പ്രവർത്തനംമൂലമുണ്ടാകുന്നതിന് സാദ്ധ്യതയുള്ള മലിനീകരണം സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന നടത്തിയ അന്വേഷണത്തിൽനിന്നും ടി യൂണിറ്റ് പ്രവർത്തനക്ഷമമാകുമ്പോൾ കാര്യമായ തോതിൽ വായുമലിനീകരണമോ ജല ശോഷണമോ ഉണ്ടാകുന്നതിനുള്ള സാധ്യത വളരെ കുറവാണ് എന്നറിയുന്നു. മലിനീകരണ സാദ്ധ്യത ഏറ്റവും കുറഞ്ഞ 'ഗ്രീൻ' വിഭാഗത്തിലാണ് ബോർഡ് റെഡിമിക്സ് കോൺക്രീറ്റ് യൂണിറ്റുകളെ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ എഞ്ചിനീയറുടെ റിപ്പോർട്ട് ഉദ്ധരിച്ച് കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

98.25 കുതിരശക്തിയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രതിദിനം 60 ക്യൂബിക് മീറ്റർ കോൺക്രീറ്റ് കൂട്ട് ഉൽപ്പാദിപ്പിക്കുന്നതിനുള്ള അനുമതിയാണ് നൽകിയതെന്നും, ടി യൂണിറ്റ് പ്രവർത്തിച്ചുതുടങ്ങുമ്പോൾ ഉണ്ടാകുന്ന പരമാവധി ജല ഉപഭോഗം പ്രതിദിനം 20000 ലിറ്ററായിരിക്കുമെന്നും എന്നാൽ ജലലഭ്യത ഉള്ള പ്രദേശം ആയതിനാൽ ഇത് കാര്യമായി ബാധിക്കില്ലായെന്നും എൻവയോൺമെന്റൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി കമ്പനിക്ക് സമീപത്തുള്ള ഒരു ആശുപത്രിയിലേക്ക് പ്രതിദിനം ഒരു ലക്ഷം ലിറ്റർ വെള്ളം പമ്പുചെയ്തെടുക്കുന്നത് ടി യൂണിറ്റിൽനിന്നും 180 മീറ്റർ അകലെയുള്ള കിണറ്റിൽ നിന്നാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോൺക്രീറ്റ് റെഡിമിക്സ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാവിധ ലൈസൻസുകളും വിവിധ വകുപ്പുകളിൽനിന്ന് ബന്ധപ്പെട്ട കക്ഷികൾക്ക് ലഭ്യമാക്കിയിട്ടുള്ളതായും റിപ്പോർട്ടിൽ പറയുന്നു.

## വ്യവസായ (ജെ) വകുപ്പ്

(കത്ത് നമ്പർ 37368/ജെ3/2014/വ്യവ., തീയതി 6-5-2015)

ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ കൊട്ടിയം ചൂരൽപൊയ്കയിൽ റെഡിമിക്സ് എന്ന പേരിൽ കോൺക്രീറ്റ് മിക്സിംഗ് യൂണിറ്റ് തുടങ്ങുന്നതിനായി ലഭിച്ച അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28-1-2013-ലെ VIII(2) നമ്പർ തീരുമാന പ്രകാരം നിയമാനുസൃതം ടി സ്ഥാപനത്തിന് ലൈസൻസ് നൽകുകയുണ്ടായി. തുടർന്ന് 4-5-2013-ൽ ചൂരൽപൊയ്ക സംരക്ഷണ സമിതി ടി സ്ഥാപനത്തിനെതിരെ പരാതി നൽകുകയും ടി പരാതി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഭരണ സമിതിയുടെ ഉപസമിതി രൂപീകരിച്ച് അന്വേഷണം നടത്തുകയും ചെയ്തു. ഉപസമിതിയുടെ റിപ്പോർട്ട് പ്രകാരം പരാതിയിൽ സൂചിപ്പിക്കുന്ന പ്രകാരം

ജലചൂഷണമോ, പരിസ്ഥിതി നാശമോ അന്തരീക്ഷ മലിനീകരണമോ ഉണ്ടാകുന്നതല്ലെന്നും സമിതി വിലയിരുത്തുകയുണ്ടായി. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, ഫയർ ആന്റ് റെസ്ക്യൂ, വ്യവസായ വകുപ്പ് എന്നീ വകുപ്പുകളിൽനിന്നും ടി കമ്പനിക്ക് നിരാക്ഷേപപത്രം ലഭിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പഞ്ചായത്ത് ആഫീസിൽനിന്ന് പ്രസ്തുത കമ്പനിക്ക് നിയമാനുസൃതം ലൈസൻസ് നൽകിയിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ WP(C) 26235/2013, WP(C) 30618/2013.B നമ്പരായി 2 കേസുകൾ നിലനിൽക്കുന്നുണ്ട്.

ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിലെ ബ്ലോക്ക് നമ്പർ 28-ൽ 283/1/6, 281/139 എന്നീ സർവ്വേ നമ്പരുകളിൽപ്പെടുന്ന സ്ഥലത്ത് ലക്ഷ്മണൻ ആന്റ് കമ്പനിയുടെ പേരിൽ ഒരു റെഡിമിക്സ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി 22-1-2013-ൽ മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും നൽകിയിട്ടുണ്ട്. 98.25 കുതിര ശക്തിയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രതിദിനം 60 ക്യൂബിക് മീറ്റർ കോൺക്രീറ്റ് കൂട്ട് ഉൽപ്പാദിപ്പിക്കുന്നതിനുള്ള അനുമതിയാണ് നൽകിയത്. ടി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം അവസാനിക്കാറായിട്ടുണ്ടെന്ന് പരിശോധനയിൽ കാണപ്പെട്ടു. വായുമലിനീകരണവും ശബ്ദമലിനീകരണവും പൂർണ്ണമായും നിയന്ത്രണ വിധേയമാക്കത്തക്ക രീതിയിലുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കൺസെന്റ് ടു എസ്റ്റാബ്ലിഷ് നൽകിയിട്ടുള്ളത്. അവ പൂർണ്ണമായും നടപ്പിലാക്കി എന്നുറപ്പുവരുത്തിയതിനുശേഷം മാത്രമേ കൺസെന്റ് ടു ഓപ്പറേറ്റ് നൽകുകയുള്ളൂ.

ടി യൂണിറ്റ് സ്ഥാപിക്കുന്നതിന് ഏകദേശം 300 മീറ്റർ അകലെയാണ് പരവൂർ കായൽ. കല്ലട ജലസേചന പദ്ധതിയുടെ കനാൽ അവസാനിക്കുന്നത് പ്ലാന്റിന്റെ സ്ഥാനത്തുനിന്നും ഏകദേശം 60 മീറ്റർ അകലെയാണ്. കനാലിലൂടെ വെള്ളം തുറന്നുവിടുമ്പോഴുള്ള നീരൊഴുക്ക് താഴ്ന്ന പ്രദേശങ്ങളിലൂടെ കായലിലെത്തുന്നു. പ്ലാന്റ് സ്ഥാപിക്കുന്നത് ഈ ഒഴുക്കിനെ ഒരു തരത്തിലും തടസ്സപ്പെടുത്തുന്ന രീതിയിലല്ല. യൂണിറ്റ് പ്രവർത്തിക്കുമ്പോൾ ഏതെങ്കിലും തരത്തിൽ മലിനജലം ഉൽപ്പാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നില്ല. അഥവാ അങ്ങനെ ഉണ്ടായാൽ തൃപ്തികരമായ മലിനജല സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്.

താരതമ്യേന മലിനീകരണ സാധ്യത ഏറ്റവും കുറഞ്ഞ 'ഗ്രീൻ' വിഭാഗത്തിലാണ് റെഡിമിക്സ് കോൺക്രീറ്റ് യൂണിറ്റുകളെ ഉൾപ്പെടുത്തിയിരിക്കുന്നത്. ടി യൂണിറ്റ് പ്രവർത്തനക്ഷമമാകുമ്പോൾ കാര്യമായ തോതിൽ വായുമലിനീകരണമോ ജലമലിനീകരണമോ

ജലശോഷണമോ ഉണ്ടാകുന്നതിനുള്ള സാധ്യത വളരെ കുറവാണ്. ടി പ്ലാന്റ് പ്രവർത്തനക്ഷമമാകുമ്പോൾ അതിന്റെ പരമാവധി ജല ഉപഭോഗം പ്രതിദിനം 20000 ലിറ്ററായിരിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്. തുറന്ന കിണറിൽനിന്നുമാത്രം ജലം എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജലലഭ്യത ഉള്ള പ്രദേശമായതിനാൽ പലരും അവിടെനിന്ന് കാര്യമായ തോതിൽ ജലം പമ്പ് ചെയ്തെടുക്കുന്നുണ്ട്. ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഒരു കുടിവെള്ള പദ്ധതിക്കായുള്ള പമ്പ്ഹൗസ് ടി യൂണിറ്റിനടുത്തായുണ്ട്. സമീപത്തുള്ള ഒരു ആശുപത്രിയിലേക്ക് പ്രതിദിനം ഏകദേശം ഒരു ലക്ഷം ലിറ്റർ ജലം പമ്പുചെയ്തെടുക്കുന്നത് ടി യൂണിറ്റ് സ്ഥാപിക്കുന്ന സ്ഥലത്തുനിന്നും 180 മീറ്റർ അകലെയുള്ള കിണറ്റിൽ നിന്നാണ്.

പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥലത്തിന്റെ (പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലത്ത്) ഏറ്റവും അടുത്ത് ജനവാസ ഗൃഹം 119 മീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്ന ശ്രീമതി ആനിയമ്മ സെബാസ്റ്റ്യൻ, പാദുവ ഹൗസ്, കൊട്ടിയം എന്നയാളിന്റേതാണ്. മറ്റ് ജനവാസ ഗൃഹങ്ങൾ പ്ലാന്റിൽനിന്നും വളരെ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ആധുനിക രീതിയിലുള്ള മെഷീൻ ഉപയോഗിച്ച് തയ്യാറാക്കുന്ന കോൺക്രീറ്റ് ആവശ്യാനുസരണം പ്രത്യേകം നിർമ്മിച്ചിട്ടുള്ള ടാങ്കർ ലോറികളിൽ കയറ്റി സൈറ്റിൽ എത്തിക്കുകയാണ് ചെയ്യുന്നത്. കോൺക്രീറ്റിന് ബലം കൂട്ടുന്നതിനും വെള്ളത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനും കോൺക്രീറ്റിന് ദീർഘകാലം ഉറപ്പുകിട്ടുന്നതിനും Master Rhen buld 924 KL, Master glenium sky 8233 എന്നീ രണ്ടു തരം കെമിക്കൽസ് കോൺക്രീറ്റ് മിക്സിൽ ചേർക്കുന്നുണ്ട്. ടി കെമിക്കൽസ് കോൺക്രീറ്റിനൊപ്പം സൈറ്റുകളിൽ എത്തുകയാണ് ചെയ്യുന്നത്. ജനവാസ ഗൃഹങ്ങൾ ടി പ്ലാന്റിൽനിന്നും വളരെയകലത്തിലായതിനാൽ ഇതിന്റെ പ്രവർത്തനംമൂലം പൊതുജനാരോഗ്യ വീക്ഷണത്തിൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യതയില്ല.

സർക്കാരിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിക്ക് പരിഹാരമുണ്ടായതായി സമിതി വിലയിരുത്തുന്നു.

(iv) അടിക്കാട് വെട്ടുന്നതിന്റെ മറവിൽ മരങ്ങൾ മുറിച്ച് കടത്തിയെന്ന് പരാതിപ്പെട്ട് ചെറ്റച്ചൽ നവോദയ സ്കൂൾ പരിസരവാസികൾ സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 15321/പരി1/05/നി.സെ.)

നെടുമങ്ങാട് താലൂക്കിൽ ചെറ്റച്ചലിൽ പ്രവർത്തിക്കുന്ന നവോദയ വിദ്യാലയത്തിലെ പ്രിൻസിപ്പാൾ ഡോ. ഹരിദാസ്, PTA ചെയർമാനും നന്ദിയോട് പഞ്ചായത്ത് പ്രസിഡന്റുമായ പി.എസ്. പ്രഭ, മറ്റ് പി.റ്റി.എ. ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ

അടിക്കാട് വെട്ടുന്നതിന്റെ മറവിൽ ഒരു കോടി രൂപയുടെ മരങ്ങൾ മുറിച്ച് കടത്തുകയും മരങ്ങൾ മുറിച്ചുകടത്തുന്നതിന് ചെലവായ 35,000-ൽ പരം രൂപ പി.റ്റി.എ. ഫണ്ടിൽ നിന്നും പിൻവലിച്ച് വൻ തിരിമറി നടത്തുകയും ചെയ്തതായി പരാതിയിൽ പറഞ്ഞിരിക്കുന്നു. നിവേദനത്തിന്മേൽ ലഭ്യമായ സർക്കാർ റിപ്പോർട്ടുകൾ ചുവടെ ചേർക്കുന്നു:

## ആഭ്യന്തര (ഡി) വകുപ്പ്

(കത്ത് നമ്പർ 61347/ഡി1/05/ആഭ്യ., തീയതി 20-8-2006)

തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ടിൽ നിന്നും ലഭിച്ച പോലീസ് റിപ്പോർട്ടിൽ മേൽ വിഷയത്തിന് വിതുര പോലീസ് സ്റ്റേഷനിൽ ക്രൈം 349/05 യു.എസ്/120(ബി) 406, 409, 201, 465, 468, 471, 379 & 34 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ വിതുര നവോദയ സ്കൂൾ കോമ്പൗണ്ടിലെ 25 ഏക്കർ സ്ഥലത്തു നിന്നും 82 മൂട് ആഞ്ഞിലി, 218 മൂട് മരുത്, 25 മൂട് കശുമാവ്, വീട്ടി, പ്ലാവ്, മുക്കംപാല തുടങ്ങിയ മരങ്ങൾ മുറിച്ചുകഷണങ്ങളായി കടത്തിയിട്ടുള്ളതും ഇതിൽ 2,87,773 രൂപ വിലവരുന്ന 16 കഷണം തടികൾ കണ്ടെടുത്ത് വിതുര പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. 1 മുതൽ 7 വരെ പ്രതികൾ തെളിവുകൾ നശിപ്പിച്ചും സർക്കാർവക സ്വത്തുക്കൾ മോഷണം ചെയ്തെടുത്ത് കൊണ്ടുപോയിട്ടുള്ളതായി വെളിവായിട്ടുണ്ട്. ഈ കേസിലെ പ്രതികൾ (1) നവോദയ വിദ്യാലയത്തിലെ പ്രിൻസിപ്പാൾ ആയിരുന്ന ഡോ. കെ. ഹരിദാസ്, (2) ടി വിദ്യാലയത്തിലെ യു.ഡി. ക്ലാർക്കായ പ്രസന്നകുമാർ, (3) നന്ദിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന, ടി സ്കൂളിലെ പി.റ്റി.എ.യിലെ പ്രധാന അംഗവുമായ പ്രഭ എന്നു വിളിക്കുന്ന പ്രഭാത് കുമാർ, (4) ടി വിദ്യാലയത്തിലെ പി.റ്റി.എ. അംഗവും ടെലികോം ജീവനക്കാരനുമായ അംബുജാക്ഷൻ കാണി, (5) ജെ.സി.ബി. കോൺട്രാക്ടറായ സജികുമാർ, 6) തടികൾ പുറത്തുകൊണ്ടുപോയി വില്പന നടത്തിയ തുളസീധരൻ, (7) ജെ.സി.ബി. സൂപ്പർവൈസറായിരുന്ന രഘു എന്നിവരാണ്. 1-ഉം 2-ഉം പ്രതികൾ ചേർന്ന് ഓഫീസ് ഡസ്പാച്ച് രജിസ്റ്ററിൽ കൃത്രിമം കാണിച്ചും പി.റ്റി.എ. യോഗം കൂടിയതായി വ്യാജരേഖ നിർമ്മിച്ച് അസ്സലായി ഉപയോഗിച്ചും, വിശ്വാസ വഞ്ചന നടത്തിയും, ചതിച്ചും ടി 1-ാം പ്രതിയുടെ അറിവോടുകൂടി മുറിച്ചുമാറ്റപ്പെട്ട കുറ്റികളിൽ 2 മുതൽ 7 വരെ പ്രതികൾ മണ്ണെണ്ണയും പഞ്ചസാരയും ഉപയോഗിച്ച് മരക്കുറ്റികൾ തീയിട്ട് നശിപ്പിച്ചും പ്രതികൾ സർക്കാർ വക സ്വത്തുക്കൾ കരുതിക്കൂട്ടി മോഷണം ചെയ്തെടുത്തുകൊണ്ടു പോയതായി തെളിഞ്ഞിട്ടുമുണ്ട്.

പ്രതികളെ 25-10-2005-ൽ അറസ്റ്റ് ചെയ്ത് ബഹു. നെടുമങ്ങാട് ജെഎഫ്എംസി-1 മുൻപാകെ ഹാജരാക്കിയിട്ടുള്ളതും റിമാന്റ് അനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരവെ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി ജാമ്യം

അനുവദിച്ചിട്ടുള്ളതുമാണ്. ഈ കേസിന്റെ അന്വേഷണം തുടർന്നു വരുന്നതും എത്രയും പെട്ടെന്ന് പൂർത്തിയാക്കി കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അന്വേഷണം ഊർജ്ജിതപ്പെടുത്തി ബാക്കി തടികൾ കണ്ടെത്തുന്നതിനും തടികളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് അന്വേഷിച്ച് അന്തിമ റിപ്പോർട്ട് എത്രയുംവേഗം അയച്ചുതരാനും പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്

(കത്ത് നമ്പർ 25495/ഡി എ 3/2007/തസ്വഭവ., തീയതി 25-6-2008)

അടിക്കാട് വെട്ടുന്നതിന്റെ മറവിൽ മരങ്ങൾ മുറിച്ചുകടത്തിയെന്ന് പരാതിപ്പെട്ട് ചെറ്റച്ചൽ നവോദയ സ്കൂൾ പരിസരവാസികൾ സമർപ്പിച്ച നിവേദനം സംബന്ധിച്ച വിഷയത്തിൽ പാലോട് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് ക്രൈം ബ്രാഞ്ചിന് കൈമാറുകയും ചെയ്തു. കേസ് ഇപ്പോൾ ക്രൈം ബ്രാഞ്ചിന്റെ പരിഗണനയിലാണെന്നും നന്ദിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു

## റവന്യൂ (യു) വകുപ്പ്

(കത്ത് നമ്പർ 101668/യു3/2005/റവന്യൂ, തീയതി 25-5-2009)

ചെറ്റച്ചൽ നവോദയ വിദ്യാലയത്തിന് വേണ്ടി വിട്ടുകൊടുത്ത 25 ഏക്കർ പുരയിടത്തിൽ നിന്നും മുറിച്ചു മാറ്റിയ ആഞ്ഞിലി, മരുത്, കശുമാവ് തുടങ്ങിയ വൃക്ഷങ്ങളുടെ തടികൾ പൂർണമായും കണ്ടെടുക്കുന്നതിനായി പാലോട് സർക്കിൾ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പിഴുതുമാറ്റിയ മരങ്ങൾ ലേലം ചെയ്യുന്നതിനായി തടിവില നിർണ്ണയിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച പോലീസ് കേസ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണത്തിലാണ്.

## വിജിലൻസ് (ബി) വകുപ്പ്

(കത്ത് നമ്പർ 10527/ബി1/2008/വിജി., തീയതി 8-11-2010)

ഈ വിഷയം സംബന്ധിച്ച് വിതുര പോലീസ് സ്റ്റേഷനിൽ ക്രൈം 349/05 നമ്പർ കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് 3/06/എസ്.ഐ.യു.ആയി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

വിജിലൻസ് കേസിലെ ഒന്നും രണ്ടും പ്രതികളായ ഡോ. ഹരിദാസ് (പ്രിൻസിപ്പാൾ, ജവഹർ നവോദയ സ്കൂൾ, ചെറ്റച്ചൽ) ശ്രീ. പ്രസന്ന കുമാർ (യു.ഡി.സി.) എന്നിവർ

കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരായതിനാൽ ഈ കേസ് സി.ബി.ഐ.-യ്ക്ക് കൈമാറാൻ വിജിലൻസ് ഡയറക്ടർ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന ഗവൺമെന്റിന് കേസ് അന്വേഷിക്കാവുന്നതാണെന്നും, കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചശേഷം മാത്രം കുറ്റാരോപണപത്രിക സമർപ്പിച്ചാൽ മതിയാകുമെന്നും സംസ്ഥാന ആഭ്യന്തര വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ കേസ് തുടർന്നന്വേഷിക്കാൻ ഈ വകുപ്പിൽനിന്ന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നതായി വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കേസ്സിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞ അധിക വിവരത്തിന് 5-1-2016-ലെ 11801/ബി1/15/വിജി. നമ്പർ കത്ത് മുഖേന വിജിലൻസ് (ബി) വകുപ്പ് നൽകിയ മറുപടി താഴെപ്പറയുന്നു:

പരാമർശ വിഷയം സംബന്ധിച്ച വി.സി.03/2006/എസ്.ഐ.യു-1 എന്ന കേസിന്റെ അന്വേഷണം പൂർത്തീകരിച്ച് 9-5-2014-ന് ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ടി കേസ് വിചാരണയിലാണ്. ആയതിന്റെ കഴിഞ്ഞ അവധി 5-11-2015-ന് ആയിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. നിവേദനം കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഫയൽ നടപടി അവസാനിപ്പിച്ചു.

(v) പാലക്കാട് ജില്ലയിലെ അകത്തേത്തറ പഞ്ചായത്തിലെ ധോണിയിലെ ജീവനും സ്വത്തും സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ധോണി നിവാസികൾ സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 4779/പരി1/12/ലെജി.)

പാലക്കാട് ജില്ലയിലെ അകത്തേത്തറ പഞ്ചായത്തിലെ ധോണിയിൽ പ്രവർത്തിക്കുന്ന 'മേരി മാതാ ക്വാറി' എന്ന ക്രഷർ യൂണിറ്റ് കേരളത്തിൽ നിരോധിച്ച അമോണിയം നൈട്രേറ്റ് ഫ്യൂവൽ ഓയിൽ പെട്രോളിൽ കലർത്തി സ്ഫോടനം നടത്തി അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നുവെന്നും ഇതിലൂടെ 'സിലിക്ക' ചെടികളിൽപറ്റി ഓക്സീകരണം നടക്കാതെ വിളകൾ നശിച്ചും 'സിലിക്ക' ശ്വസിക്കേണ്ടിവരുന്ന ജീവജാലങ്ങൾക്കും, മനുഷ്യനും, മൃഗങ്ങൾക്കും മാരകമായ 'സിലിക്കോസിസ് ' പോലെയുള്ള പല രോഗങ്ങളും ഉണ്ടാക്കുന്നുവെന്നും, പാലക്കാട് ജില്ലയിലെ പല ക്വാറികളും നിയമാനുസൃതമായിട്ടല്ല പ്രവർത്തിക്കുന്നതെന്നും, വന്യജീവികൾക്കും ആവാസവ്യവസ്ഥയ്ക്കും ഹാനികരമായ അശാസ്ത്രീയമായ പാറഖനനം തടയണമെന്നും ആവശ്യപ്പെട്ടാണ് നിവേദനം സമർപ്പിച്ചിരുന്നത്.

നിവേദനത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് തദ്ദേശസ്വയംഭരണം, പരിസ്ഥിതി, വനം-വന്യജീവി, വ്യവസായം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(കത്ത് നമ്പർ 4118/ആർ.സി.3/2013/തസ്വഭവ., തീയതി 23-5-2013)

മേരിമാതാ ക്വാറിക്ക് 2022 ആഗസ്റ്റ് മാസം വരെ ക്വാറി ലീസ് നൽകിയിട്ടുണ്ട്. 31-12-2013 വരെ മലിനീകരണ നിയന്ത്രണ ബോർഡ് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. 31-3-2015 വരെ എക്സ്പ്ലോസീവ് ലൈസൻസ് നൽകിയിട്ടുണ്ട്. ഇവയുടെയെല്ലാം അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് 2013-14 കാലഘട്ടത്തിൽ ക്വാറി ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. ആവശ്യമായ സ്ഥാപനങ്ങളുടെ നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടാണ് പഞ്ചായത്ത് ക്വാറി ലൈസൻസ് പുതുക്കി നൽകിയത്. സ്ഥാപനത്തിന്റെ 100 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ ഇല്ലായെന്നും അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ വിഷയം സംബന്ധിച്ച് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ HRMP, 5354/2012 ആയി ഹർജി പരിഗണനയിലുണ്ടെന്ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

**വനം വന്യജീവി (സി) വകുപ്പ്**

(കത്ത് നമ്പർ 922/സി2/2013/വനം, തീയതി 12-2-2014)

പാലക്കാട് ജില്ലയിൽ അകത്തേതറ വില്ലേജിൽ ധോണി ഭാഗത്ത് സർവ്വേ നമ്പർ 110/13-ൽപ്പെട്ട 9.28 ഏക്കർ സ്വകാര്യഭൂമിയിൽ പ്രവർത്തിക്കുന്ന മേരിമാതാ ക്വാറിയുടെ 50 മീറ്റർ കിഴക്കുമാറിയാണ് VFC.ഐറ്റം 32/1 ഇടമലവാരം റിസർവ് സ്ഥിതി ചെയ്യുന്നത്. കൂടാതെ അകത്തേതറ വില്ലേജിൽ ധോണി ഭാഗത്ത് റോയൽ ഗ്രാന്റ് ആന്റ് ഗ്രാവൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്വാറിയുടെ 20 മീറ്റർ പടിഞ്ഞാറ് മാറിയാണ് VFC ഐറ്റം 168/5 സ്ഥിതി ചെയ്യുന്നത്. പാലക്കാട് ഡിവിഷൻ പരിധിയിൽ ടി ക്വാറികൾ കൂടാതെ 19 ക്വാറികൾകൂടി സ്വകാര്യഭൂമിയിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. ടി ക്വാറികളുടെ സമീപത്തെല്ലാം വനഭാഗങ്ങളുള്ളതിനാൽ വനത്തിലേക്ക് കരിങ്കൽ ചീളുകൾ തെറിച്ചു വീഴുന്നതിനും, ടി പ്രദേശത്തുള്ള വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ഭീഷണിയും, വനസമ്പത്തിന് നാശനഷ്ടവും ഉണ്ടാകാനിടയുണ്ട്. എന്നാൽ ടി ക്വാറികൾ വനത്തിന് പുറത്തായതിനാൽ വനനിയമലംഘനമോ അശാസ്ത്രീയമായ ഖനനമോ നടക്കുന്നില്ല. ബഹു. സുപ്രീം കോടതിയുടെ

27-2-2012-ലെ IA. No. 12-13/2011/SLP(C)19628-19629/2009-മേലുള്ള വിധിന്യായത്തിന്റെ വെളിച്ചത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 18-5-2012-ലെ ഉത്തരവു പ്രകാരം ഖനന പ്രവർത്തനത്തിന് ലൈസൻസ് നൽകുന്നതിനും, നിലവിലുള്ളവ പുതുക്കുന്നതിനും പാരിസ്ഥിതികാനുമതി ആവശ്യമാണ്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ക്വാറികൾക്ക് നൽകിയിട്ടുള്ള ലൈസൻസ് പുനഃപരിശോധിക്കുന്നതിന് വേണ്ട നിർദ്ദേശം വ്യവസായവകുപ്പിനും, പരിസ്ഥിതിവകുപ്പിനും നൽകിയിട്ടുണ്ട്.

**പരിസ്ഥിതി (എ) വകുപ്പ്**

(കത്ത് നമ്പർ 240/എ 3/2013/പരി., തീയതി 24-9-2013)

ധോണി അകത്തേതറ വില്ലേജിൽ സ്ഥിതി ചെയ്യുന്ന മേരിമാതാ ഗ്രാനൈറ്റ്സ് ക്വാറിയിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 20-12-2012-ന് പരിശോധന നടത്തി. ക്വാറിയോടുചേർന്ന് കിടക്കുന്ന ലിൻസി ബാബുവിന്റെ വീട്ടിൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗും സൗണ്ട് ലെവൽ മോണിറ്ററിംഗും നടത്തി. മോണിറ്ററിംഗിൽ അന്തരീക്ഷത്തിലെ പൊടിയിൽ സസ്പെന്റഡ് പർട്ടിക്കുലേറ്റ് മാറ്റർ (SPM), റസ്പിറബിൾ സസ്പെന്റഡ് പർട്ടിക്കുലേറ്റ് മാറ്റർ എന്നീ ഘടകങ്ങൾ അനുവദനീയമായ പരിധിക്കു പുറത്തായാണ് കണ്ടെത്തിയത്. ഇതിന് ക്വാറിയുടെ അതിർത്തിയിൽ പരാതിക്കാരന്റെ വീടിന്റെ ഭാഗത്ത് "വാട്ടർ സ്പ്രിംഗ്ലേഴ്സ്" ഘടിപ്പിച്ച് പൊടി അടിച്ചമർത്താൻ 24-12-2012-ൽ നിർദ്ദേശം നൽകി. 13-3-2013-ന് മലിനീകരണ നിയന്ത്രണ ബോർഡ് വീണ്ടും പരിശോധന നടത്തിയപ്പോൾ നിർദ്ദേശം പാലിച്ച് "വാട്ടർ സ്പ്രിംഗ്ലേഴ്സ്" ഘടിപ്പിച്ചതായി കാണപ്പെട്ടതായി മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തു.

ക്രഷറുകൾക്ക് നൽകുന്ന പ്രവർത്തനാനുമതിപത്രത്തിലെ വ്യവസ്ഥ പ്രകാരം സ്ഥാപന ഉടമ തന്നെ അംഗീകൃത ലബോറട്ടറികൾ മുഖാന്തരം വായു ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി വയ്ക്കേണ്ടതും മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യപ്പെടുമ്പോൾ സമർപ്പിക്കേണ്ടതുമാണ്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിലവിലെ മാനദണ്ഡം അനുസരിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതിയുള്ളതും സമീപവീടുകളിൽ നിന്ന് കുറഞ്ഞത് 100 മീറ്റർ അകലം പാലിക്കുന്നതുമായ പാറമടകൾക്കുമാത്രമാണ് ബോർഡ് അനുമതി നൽകുന്നത്. പാറമടയുടെ ആഴം സംബന്ധിച്ചും പ്രത്യേക നിബന്ധനകൾ ബോർഡ് നിഷ്കർഷിക്കുന്നില്ല എങ്കിലും നീക്കം ചെയ്യപ്പെടുന്ന മേൽമണ്ണ് പാറഖനനം ചെയ്യപ്പെട്ട സ്ഥലത്തുതന്നെ നിക്ഷേപിക്കണം എന്ന് അനുമതിപത്രത്തിൽ അനുശാസിക്കുന്നുണ്ട്.

മേരിമാതാ എന്ന സ്ഥാപനത്തിന് ക്ലാസ് 2 നൈട്രേറ്റ്മിക്സ്ച്ചർ ഉപയോഗിക്കുന്നതിന് 31-3-2015 വരെ എറണാകുളം ഡെപ്യൂട്ടി ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ് ലൈസൻസ് നൽകിയിട്ടുണ്ട്. ക്വാറിക്ക് ലീസ് അനുവദിച്ച സ്ഥലത്തിനു ചുറ്റും വേലികെട്ടി തിരിച്ചിട്ടുണ്ട് എന്ന് അകത്തേത്തറ വില്ലേജ് ഓഫീസർ അറിയിക്കുകയും പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തതായി അകത്തേത്തറ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ ഗ്രൗണ്ട് ലെവലിന് താഴേക്ക് പാറപൊട്ടിച്ചതായി കാണാനായില്ല എന്നും പൊടിപടലങ്ങൾ നിയന്ത്രിക്കുന്നതിന് വെള്ളം സ്പ്രേ ചെയ്യുന്നതായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ക്വാറീയിംഗ് ലീസ് പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലത്തുമാത്രമേ പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. SLP© No. 19628-19629/2009 (ദീപക് കുമാർ, etc. Vs. സ്റ്റേറ്റ് ഓഫ് ഹരിയാന) എന്ന കേസിൽ 27-2-2012-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം ലഘുധാതുക്കളുടെ ഖനനത്തിനായി മുൻകൂർ പാരിസ്ഥിതിക അനുമതി ഉൾപ്പെടെയുള്ള കർക്കശ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിക്കുന്നുണ്ട്.

## വ്യവസായ (എ) വകുപ്പ്

(കത്ത് നമ്പർ 1921/എ 3/13/വ്യവ., തീയതി 24-3-2015)

പാലക്കാട് ജില്ല, പാലക്കാട് താലൂക്ക്, അകത്തേത്തറ വില്ലേജ് ബ്ലോക്ക് നമ്പർ 25 സ. നമ്പർ 110/1, 110/3-ൽപ്പെട്ട 27721 ഹെക്ടർ സ്ഥലത്തേക്ക് 26-5-2010 തീയ്യതിയിലെ 120/2010-11/3355/എം3/2010 നമ്പറായ നടപടിക്രമം 12 വർഷത്തേക്ക് ക്വാറിയിംഗ് ലീസ് ശ്രീ. സജിമോൻ എബ്രഹാം, പാലക്കാട്ട് ഹൗസ്, കിടങ്ങൂർ പി.ഒ. കോട്ടയത്തിന് അനുവദിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ ക്വാറിയിംഗ് ലീസ് അനുവദിച്ച സ്ഥലത്തിന് പുറത്ത് അനധികൃതമായി കരിങ്കല്ല് ഖനനപ്രവർത്തനങ്ങൾ നടത്തുന്നതായി കണ്ടതിനെ തുടർന്ന് അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 25079.85 മീറ്റർ ക്യൂബ് (62699.63 എം.റ്റി.) കരിങ്കല്ലിന്റെ റോയൽറ്റിയും പിഴയുമായി 10,08,194 രൂപ ചലാൻ നമ്പർ 870 പ്രകാരം 2-11-2012 തീയതിയിൽ ജില്ലാ ട്രഷറി, പാലക്കാട് മുഖേന മേരിമാതാ ഗ്രാനൈറ്റ്സ് ഉടമയായ ശ്രീ. സജിമോൻ എബ്രഹാമിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുള്ള സ്ഥലത്തേക്ക് കരിങ്കല്ല് ഖനനം ചെയ്യുന്നതിന് മൂവ്മെന്റ് പെർമിറ്റുകളും, 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പാലക്കാട് ജില്ല, അകത്തേത്തറ, ബ്ലോക്ക് നമ്പർ 25 സ. നമ്പർ 117/4, 117/6-ൽ സ്ഥിതി ചെയ്യുന്ന ക്രഷർ യൂണിറ്റ് രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റായി (RMCU) രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിൽ 2013-14 സാമ്പത്തികവർഷം നമ്പർ 102/2013-14/ RMCU/PLKD/2939/എം3/2013 തീയതി 24-9-2013 ആയി ടി ക്രഷർ, രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ നിലവിൽ ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുള്ള സ്ഥലത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന റീ-സർവെ നമ്പർ 110/1-ൽ ഉൾപ്പെട്ട സ്ഥലത്ത് നിന്ന് കൺസോളിഡേറ്റഡ് റോയൽറ്റി പെയ്മെന്റ് സിസ്റ്റത്തിൽ (സി.ആർ.പി.എസ്.) 161.88 ആർ സ്ഥലത്ത് നിന്ന് കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി 9-7-2014 തീയതിയിലെ 145/GBS/DOP/2537/2014/AI/CRPS നമ്പറായി 14-10-2015 വരെ കാലാവധിയുള്ള ക്വാറിയിങ് പെർമിറ്റും ശ്രീ. സജിമോൻ എബ്രഹാമിന് അനുവദിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഡി. ആന്റ് ഒ. ലൈസൻസ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ കരിങ്കല്ല് ഖനനം ചെയ്യുന്നതിനും വാഹനങ്ങളിൽ കൊണ്ടു പോകുന്നതിനുള്ള പി-ഫാറങ്ങളും അനുദിച്ചിരുന്നു. കൺസോളിഡേറ്റ് റോയൽറ്റി പെയ്മെന്റ് സിസ്റ്റം (സി.ആർ.പി.എസ്.) പ്രകാരം അനുവദിച്ച ഖനന പെർമിറ്റ് 9-2-2015 തീയതിയ്ക്ക് മുൻപായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതിനാൽ ടി അനുമതികൾ നിലവിൽ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്. ക്വാറിയിംങ് പെർമിറ്റ് അനുവദിച്ച സ്ഥലത്തിനോട്ടും ക്വാറിയിംങ് ലീസ് അനുവദിച്ച സ്ഥലത്തിനോട്ടും ചേർന്ന് വനമേഖല സ്ഥിതി ചെയ്യുന്നില്ല. 20 അടി വരെ മാത്രമേ ഖനനം നടത്താവൂയെന്ന നിബന്ധന ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുള്ള സ്ഥലങ്ങൾക്ക് ബാധകമല്ല.

ക്വാറികളിലെ വെള്ളക്കെട്ടും അപകടങ്ങളും സംബന്ധിച്ച് അപകടങ്ങൾ സംഭവിക്കാത്ത വിധം ക്വാറികൾക്ക് ചുറ്റും വേലികെട്ടി സംരക്ഷിച്ചുകൊള്ളാം എന്ന സാക്ഷ്യപത്രം ക്വാറിയിംഗ് പെർമിറ്റ് അപേക്ഷയോടൊപ്പം അപേക്ഷകൻ ഹാജരാക്കേണ്ടതും ക്വാറിക്ക് ചുറ്റും വേലി കെട്ടി സംരക്ഷിക്കുന്നത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. അപ്രകാരം വേലികെട്ടി സംരക്ഷിക്കാത്ത ക്വാറികളിൽ വേലി കെട്ടിത്തിരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം പരിശോധന വേളയിൽ നൽകാറുണ്ട്.

നിലവിൽ കൺസോളിഡേറ്റഡ് റോയൽറ്റി പെയ്മെന്റ് സിസ്റ്റം (CRPS)-ത്തിൽ വിവിധ സ്ലാബുകളിലായി നിർദ്ദേശിച്ച റോയൽറ്റി നിരക്കുകൾ ഈടാക്കുകയും ഒരു വർഷത്തേക്ക് ക്വാറിയിംഗ് പെർമിറ്റ് അനുവദിക്കുകയും ആനുപാതികമായി ധാതുഖനനം ചെയ്യുന്നതിനും വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനുമുള്ള പി ഫോറങ്ങൾ അനുവദിക്കുകയുമാണ് ചെയ്യുന്നത്. ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ കൺസോളിഡേറ്റഡ് റോയൽറ്റി പെയ്മെന്റ് സിസ്റ്റം പ്രകാരം ഏറ്റവും ഉയർന്ന സ്ലാബിൽ റോയൽറ്റി ഈടാക്കി ക്വാറിയിംഗ് ലീസ് അനുവദിച്ച സ്ഥലത്ത് ക്രഷർ യൂണിറ്റ് ഉണ്ടെങ്കിൽ ക്രഷർ യൂണിറ്റ്, ക്രഷറിന്റെ ജോ സൈസിന് ആനുപാതികമായ സ്ലാബിൽ കോമ്പൗണ്ട് ചെയ്ത് ഒരു സാമ്പത്തിക വർഷത്തേക്ക് രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റായി രജിസ്റ്റർ ചെയ്യുകയും ചെയ്തുവരുന്നു. കരിങ്കല്ല് സംഭരിച്ച് വിപണനം നടത്തുന്നതിനായി സംഭരിക്കേണ്ട ധാതുവിന്റെ അളവിന് ആനുപാതികമായി ഡീലേഴ്സ് ലൈസൻസ് ഫീസ് ഈടാക്കി, ഡീലേഴ്സ് ലൈസൻസുകൾ അനുവദിക്കുന്നുണ്ട്.

ക്വാറിയിംഗ് ഏരിയ നിർണ്ണയിക്കുന്നത് സംബന്ധിച്ച് നിലവിൽ കൺസോളിഡേറ്റഡ് റോയൽറ്റി പെയ്മെന്റ് സിസ്റ്റം (CRPS) പ്രകാരമുള്ള വിവിധ സ്ലാബുകൾ ഖനനാനുമതി നൽകുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം പ്രത്യേകം അതത് പെർമിറ്റുകളും ലീസുകളും പ്രകാരം നിജപ്പെടുത്തിയിട്ടുള്ളതുമാണ്.

അഴകമ്പാറ എന്ന സ്ഥലത്തെ കരിങ്കൽ ക്വാറിക്ക് നിലവിൽ മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസിൽ നിന്നും ക്വാറിയിംഗ് പെർമിറ്റുകളൊന്നും അനുവദിച്ചിട്ടില്ല. മുമ്പ് ഇവിടെ ഒരു ക്വാറി ഉണ്ടായിരുന്നുവെങ്കിലും ടി ക്വാറി കുറേക്കാലമായി പ്രവർത്തനം നിറുത്തി വച്ചിരിക്കുകയുമാണ്.

പാലക്കാട് വനം ഡിവിഷന്റെ പരിധിയിൽ 19 ക്വാറികൾ സ്വകാര്യ ഭൂമിയിൽ പ്രവർത്തിച്ചുവരുന്നുവെന്നും പ്രസ്തുത ക്വാറികൾ വനഭാഗങ്ങളോട് ചേർന്ന പ്രദേശങ്ങളിൽ ആയതിനാൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുയെന്നും വനംവകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ ക്വാറികളെ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ വനംവകുപ്പിൽ നിന്നും ശേഖരിച്ച് ആവശ്യമായ നടപടികൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്വീകരിക്കുന്നതാണ്.

2013-14 സാമ്പത്തിക വർഷത്തിന്റെ അവസാനം പുതിയ വാഹനങ്ങൾ വാങ്ങുവാൻ സർക്കാർ അനുമതി നൽകിയതിനെ തുടർന്ന് പാലക്കാട് ജില്ലയുടെ ആവശ്യത്തിന് ഒരു വാഹനം കൂടി ലഭിക്കുകയുണ്ടായി. ഇതിലൂടെ വാഹന ദൗർലഭ്യത്തിന്റെ പ്രശ്നം വലിയ ഒരു അളവുവരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ജീവനക്കാരുടെ എണ്ണത്തിലുള്ള

പരിമിതികളിൽ പരിശോധന നടത്തുകയും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം ക്വാറിയിംഗ് പെർമിറ്റുകൾ അനുവദിക്കുന്നതിനും അനധികൃത ഖനനം, ധാതുനീക്കം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

(vi) ഭാരതപ്പുഴയിലെ മണൽ ഖനനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതങ്ങളെപ്പറ്റി ശ്രീ. എസ്. ഇബ്രാഹിം, മലപ്പുറം സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 5856/പരി.1/2012/നി.സെ.)

പൊന്നാനി തുറമുഖം സ്ഥിതിചെയ്യുന്ന ഭാരതപ്പുഴയിൽ നടക്കുന്ന വൻതോതിലുള്ള മണലെടുപ്പ് പരിസ്ഥിതിയെ ബാധിച്ചിരിക്കുന്നുവെന്നും തുറമുഖ വകുപ്പ് യാതൊരു നിയന്ത്രണവുമില്ലാതെയാണ് സഹകരണ സംഘങ്ങൾക്ക് ഭാരതപ്പുഴയിൽ നിന്നും മണൽവാരി വിൽക്കുന്നതിന് അനുമതി നൽകിയിരിക്കുന്നതെന്നും അമിതമായ മണലെടുപ്പ് ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ്, പൊന്നാനി ഫിഷിംഗ് ഹാർബർ എന്നീ വൻകിട പദ്ധതികളെ ദോഷകരമായി ബാധിച്ചിരിക്കുന്നുവെന്നും അനിയന്ത്രിത മണൽവാരൽ കാരണം തുറമുഖത്തേക്ക് ബോട്ടുകൾ വരുകയും പോകുകയും ചെയ്യുന്ന ചാലുകൾക്ക് നാശം സംഭവിക്കുകയും പുതിയ മൺതിട്ടകൾ രൂപപ്പെടുകയും ചെയ്യുന്നതിനാൽ ബോട്ടുകൾ പൊന്നാനി ഷിപ്പിംഗ് ഹാർബറിൽ പ്രവേശിക്കാതെ പോകുന്നുവെന്നും മണൽ ഖനനം കാരണം പ്രദേശത്തെ കുടിവെള്ളത്തിന് ക്ഷാമമുണ്ടാകുന്നുവെന്നും നിവേദനത്തിൽ സൂചിപ്പിച്ചിരുന്നു.

ഹർജിയിന്മേൽ റവന്യൂ, ജലവിഭവം, മത്സ്യബന്ധന തുറമുഖം, പരിസ്ഥിതി എന്നീ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതിന് വകുപ്പുകൾ നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

**റവന്യൂ (പി) വകുപ്പ്**

(കത്ത് നമ്പർ 33521/പി3/13/റവന്യൂ തീയതി, 11-2-2014)

ഭാരതപ്പുഴയിൽ പൊന്നാനി പോർട്ടിനും ചമ്രവട്ടം പദ്ധതിക്കും മദ്ധ്യേ നടക്കുന്ന മണൽ ഖനനം ഫിഷിംഗ് ഹാർബർ, റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയ്ക്ക് ഭീഷണി ഉയർത്തുന്നതായി പരാതിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചമ്രവട്ടം പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പൊന്നാനി പോർട്ടിനും ചമ്രവട്ടം പദ്ധതിക്കും മദ്ധ്യേയുള്ള മണൽ ഖനനം നിരോധിക്കുന്നതിന് സർക്കാർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്തെ തിരൂർ,

പൊന്നാനി താലൂക്കുകളിൽ ഉൾപ്പെടുന്ന 4 അംഗീകൃത മണൽ കടവുകളിൽ നിന്നും മണലെടുക്കുന്നത് താൽക്കാലികമായി ജില്ലാ കളക്ടർ നിർത്തലാക്കി ഉത്തരവായിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത പ്രദേശത്ത് അനധികൃത മണൽ കടത്തിനെതിരെ പോലീസ്, റവന്യൂ വകുപ്പുകളുടെ നേതൃത്വത്തിൽ സ്ഥിരമായി പരിശോധനയും നടന്നുവരുന്നുണ്ട്.

പോർട്ടിന്റെ അധീനതയിൽ വിവിധ സഹകരണ സംഘങ്ങൾ നടത്തി വരുന്ന മാന്വൽ ഡ്രഡ്ജിംഗ് തുറമുഖവകുപ്പ് നേരിട്ട് നടത്തിവരുന്നതാണ്. പ്രസ്തുത വിവരങ്ങൾ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം ബഹു.പരിസ്ഥിതി സംബന്ധിച്ച സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

## ജലവിഭവ (ഐ.ആർ.) വകുപ്പ്

(കത്ത് നമ്പർ 9178/ഐ.ആർ2/13/ജവിവ., തീയതി, 7-3-2014)

തുറമുഖ വകുപ്പ് യാതൊരു നിയന്ത്രണവുമില്ലാതെ മണൽവാരാൻ സഹകരണ സംഘങ്ങൾക്ക് അനുമതി നൽകിയതിനെ തുടർന്ന് ഭാരതപ്പുഴയുടെ അടിത്തട്ട് താഴ്ന്ന് പോകുന്നതിനും ചമ്രവട്ടം പ്രോജക്ടിനെ ദോഷകരമായി ബാധിക്കുന്നതിനും ഏപ്രണുകൾക്കിടയിലൂടെ ജലപ്രവാഹം ഉണ്ടാകുന്നതിനും കാരണമായിട്ടുണ്ട്.

2-4-2013-ൽ ബഹു.ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ ചമ്രവട്ടം പദ്ധതിയുടെ സംസ്ഥാന തല മോണിട്ടറിംഗ് കമ്മിറ്റി, റഗുലേറ്ററിന്റെ സമീപത്ത് നിന്ന് മണൽവാരൽ നിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി മലപ്പുറം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയെങ്കിലും ഭാരതപ്പുഴയിൽ നിന്നും മണൽവാരാൻ ഉത്തരവ് നൽകിയിട്ടുള്ളത് തുറമുഖവകുപ്പായതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പരാതിയുടെ പകർപ്പ് തുറമുഖവകുപ്പിന് കൈമാറിയിട്ടുള്ളതായി അറിയിക്കുന്നു.

## മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്

(കത്ത് നമ്പർ 5152/ഡി1/2013/മ.തു.വ., തീയതി, 18-2-2014)

തുറമുഖ പരിധിയ്ക്കുള്ളിൽ മണൽ വാരുന്നതിന്റെ ഉദ്ദേശ്യം മഴക്കാലത്ത് ഒഴുകിയെത്തുന്ന സെഡിമെന്റേഷൻ നീക്കം ചെയ്ത് കപ്പൽ ചാനലിന്റെ ആഴം നിലനിർത്തലാണ്. പരമ്പരാഗത മണൽതൊഴിലാളികളെ ഉപയോഗിച്ചുള്ള ഖനനമാണ് പൊന്നാനി, അഴീക്കൽ, കാസർഗോഡ്, കൊടുങ്ങല്ലൂർ തുടങ്ങിയ തുറമുഖങ്ങളിൽ നടത്തുന്നത്. സർക്കാരിന് വരുമാനമാർഗ്ഗം എന്ന നിലയിലും തദ്ദേശവാസികൾക്ക് ഒരു തൊഴിൽ എന്ന നിലയിലും ഇത് വളരെ പ്രയോജനകരമാണ്. ഗുണമേന്മയുള്ള മണൽ നിർമ്മാണമേഖലയ്ക്ക്

അത്യന്താപേക്ഷിതമാണെന്ന വസ്തുതയും പരിഗണിക്കേണ്ടതുണ്ട്. എങ്കിലും മണൽ ഖനനം പരിസ്ഥിതിക്കും ജീവജാലങ്ങൾക്കും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നു.

ഭാരതപ്പുഴയിലെ മണൽ ഖനനത്തെ സംബന്ധിച്ച് ശ്രീ. ഷമീർ എന്ന വിദ്യാർത്ഥി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 21811/2012 (S) എന്ന റിട്ട് പെറ്റീഷനിൽ 19-3-2013-ൽ വിധി പ്രസ്താവിക്കുകയുണ്ടായി. അനധികൃത മണൽ ഖനനം തടയുക എന്ന ലക്ഷ്യത്തിലൂന്നി റവന്യൂവകുപ്പ്, തുറമുഖവകുപ്പ്, പോലീസ്‌വകുപ്പ് എന്നിവയുടെ സംയുക്ത കമ്മിറ്റി രൂപവൽക്കരിക്കുന്നതിനും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ശക്തമായ ഒരു മോണിറ്ററിംഗ് സംവിധാനം വരുത്തുന്നതിനും കോടതി വിധി നിർദ്ദേശിച്ചിരിക്കുന്നു. അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാൻ സർക്കാർ 13437/D1/2012/F&PD നമ്പർ കത്ത് പ്രകാരം 5-4-2013 തീയതിയിൽ മലപ്പുറം കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

16-8-2013-ലെ G.O. (Ms.) നമ്പർ 54/2013/F&PD തുറമുഖ പരിധിയിൽ മാനുവൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള പുതുക്കിയ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് പൊന്നാനി പോർട്ട് കൺസർവേറ്റർ വിളിച്ച ടെണ്ടർ 11-9-2013-ൽ തുറന്നു. 2010-ൽ 20 സംഘങ്ങൾ ടെണ്ടറിൽ പങ്കെടുത്തപ്പോൾ 2013-ൽ ടെണ്ടറിൽ പങ്കെടുത്ത സംഘങ്ങളുടെ എണ്ണം 41 (ഒരു മുനിസിപ്പാലിറ്റിയും ഒരു ഗ്രാമപഞ്ചായത്തും ഉൾപ്പെടെ) ആയി ഉയർന്നു. എന്നാൽ 10-3-2013-ൽ ഡെൽഹിയിലെ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ പുറപ്പെടുവിച്ച M.A. No. 744/2013 ഉത്തരവ് പ്രകാരം കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയോ (MoEF), സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റി (SEIAA)യുടെയോ ക്ലിയറൻസ് ലഭിക്കാതെ യാതൊരുവിധ മണൽവാരൽ പ്രവർത്തിയും പൊന്നാനിയിൽ നടത്താൻ പാടില്ല എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30-9-2013-ൽ ബഹു. തുറമുഖ വകുപ്പുമന്ത്രി വിളിച്ച ചേർത്ത യോഗത്തിൽ KITCO-യെ കൊണ്ട് പൊന്നാനിയിലെ EIA പഠനം നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് പൊന്നാനിയിലെ മണൽവാരൽ സംബന്ധിച്ച വിശദമായ പഠനം നടത്തി SEIAA ക്ലിയറൻസിനാവശ്യമായ റിപ്പോർട്ട് സമർപ്പിക്കാൻ KITCO-യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### പരിസ്ഥിതി (എ) വകുപ്പ്

(കത്ത് നമ്പർ 1234/എ 3/2013/പരി., തീയതി, 16-12-2014)

നിവേദനത്തിന്മേൽ മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ, പൊന്നാനി മുനിസിപ്പൽ സെക്രട്ടറി എന്നിവർ അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സംസ്ഥാനത്തെ നദികളിൽ നിന്ന് മണലെടുക്കുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി

നിർബന്ധമാക്കിക്കൊണ്ട് 21-2-2014-ൽ സ.ഉ. (എംഎസ്.) നമ്പർ 02/2014/പരി. നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ ചുവടെചേർക്കുന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശമായ പൊന്നാനി മുനിസിപ്പാലിറ്റി, പുറത്തൂർ പഞ്ചായത്ത് എന്നിവയുടെ പരിധിയിൽ വരുന്ന ഭാരതപ്പുഴയുടെ River Mouth (with Arabian Sea)-ലും സമീപപ്രദേശങ്ങളിലും Navigation purpose-നായി Channel deepening നടത്താനെന്ന നിലയിലാണ് പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ നിയന്ത്രണത്തിൽ വിവിധ സൊസൈറ്റികൾ (ക്ഷീരവികസന സൊസൈറ്റി, കയർവികസന സൊസൈറ്റി, മത്സ്യത്തൊഴിലാളി വികസന സൊസൈറ്റി തുടങ്ങിയവ ഉൾപ്പെടെ) manual dredging നടത്തി വരുന്നത്. യഥാർത്ഥത്തിൽ എക്കൽ ഉൾപ്പെടുന്ന മണൽ, ചെളി, കക്ക എന്നിവയാണ് ഡ്രഡ്ജ് ചെയ്യാൻ ഉദ്ദേശിച്ചതെങ്കിലും ടി ലക്ഷ്യം നിറവേറ്റുന്നില്ല എന്ന് പ്രസ്തുത dredged material പരിശോധിച്ചാൽ ബോദ്ധ്യപ്പെടുന്നതാണ്. കാരണം മുഖ്യമായും മണൽ നിക്ഷേപമുള്ള സ്ഥലത്ത് മാത്രമാണ് ഡ്രഡ്ജ് ചെയ്യുന്നത്. ആയത് river bed, riverbank എന്നിവിടങ്ങളിലേക്ക് വ്യാപിക്കുന്നതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. നിയന്ത്രണമില്ലാത്ത ഖനനം കൊണ്ടുണ്ടാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പുറമേ ഈ മണൽ desilt ചെയ്യാതെയാണ് നല്ലൊരു ശതമാനവും വില്പന നടത്തുന്നത്. ആയത് Secondary environmental issue ആയി പരിഗണിച്ചാൽ Primary യെക്കാൾ ഗൗരവമായി നിർമ്മാണരംഗത്ത് നാശനഷ്ടം ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ താത്ക്കാലികമായുള്ള പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ സാമ്പത്തിക നേട്ടംമാത്രം നോക്കാതെ മുൻകാലങ്ങളിൽ ചെയ്തുപോന്നിരുന്ന വിധത്തിൽ ഡ്രഡ്ജർ ഉപയോഗപ്പെടുത്തി മണൽഖനനം ചെയ്യുന്ന നടപടി എടുക്കുന്നതായിരിക്കും ഉത്തമമെന്നും അല്ലാത്തപക്ഷം സർക്കാർ നിയന്ത്രണത്തിൽ ടി മണൽ desilt ചെയ്ത് ഉപയോഗയോഗ്യമാക്കി വിതരണം നടത്തുന്നതായിരിക്കും അഭികാമ്യമെന്നും മലപ്പുറം ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ മണൽ മാറ്റുമ്പോൾ, അത് ശാസ്ത്രീയമായിരിക്കുക എന്നതും ഇത് സർക്കാരിന്റെ മറ്റ് വികസന പദ്ധതികൾക്കോ പരിസ്ഥിതിയ്ക്കോ ദോഷംവരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതും തുറമുഖവകുപ്പിന്റെ ചുമതലയാണ്.

നിവേദനത്തിന്മേൽ മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു: (കത്ത് നമ്പർ 120/ഡി1/2015/മ.തു.വ., തീയതി, 25-3-2015)

മാനുവൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണലിൽ ചെളി, കക്ക തുടങ്ങിയവ അടങ്ങിയിരിക്കുന്നതിനാൽ ഇതിനെ നിർമ്മാണമേഖലയ്ക്ക് അനുയോജ്യമാംവിധം ശുദ്ധീകരിച്ചെടുക്കേണ്ടതുണ്ട്. ഈ ശുദ്ധീകരണ പ്രക്രിയ വീണ്ടുമൊരു പരിസ്ഥിതി പ്രശ്നമായി മാറുന്ന സാഹചര്യം സൃഷ്ടിക്കുമെന്നതിനാൽ ഫിൽട്ടറിംഗിനും പ്രത്യേകം നിബന്ധനകൾ

ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കേരള സർക്കാരിന്റെ "എമർജിംഗ് കേരള" പദ്ധതിയുടെ ഭാഗമായി പൊന്നാനിയിൽ ഒരു സാന്റ് പ്യൂരിഫിക്കേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗ്രോബൽ ട്രെയിഡിംഗ് കമ്പനി എന്ന സ്ഥാപനം സമർപ്പിക്കുകയുണ്ടായി. ഈ പദ്ധതി Swiss challenge Method അനുസരിച്ച് നടപ്പിലാക്കുന്നതിന് 15-12-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 71/14/മ്മുവ. പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. അതേസമയം ഡോ.രാജൻ മാത്യു എന്ന ഒരു രജിസ്റ്റേർഡ് കോൺട്രാക്ടർ ഈ ടെൻഡറിൽ Swiss Challenge Method എന്ന ആശയം ഉൾപ്പെടുത്തിയതിനെ ചോദ്യം ചെയ്തുകൊണ്ട് ബഹു.ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. സാന്റ് പ്യൂരിഫിക്കേഷൻ യൂണിറ്റ് സജ്ജമാകുന്നപക്ഷം, പാരിസ്ഥിതിക പ്രശ്നങ്ങൾ പരമാവിധി കുറച്ചുകൊണ്ട് നിർമ്മാണ മേഖലയ്ക്ക് അനുയോജ്യമായ നിലവാരത്തിലുള്ള മണൽ ആവശ്യക്കാർക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ് എന്നും അറിയിക്കുന്നു.

(vii) കൊല്ലം ജില്ലയിലെ ആയിരംതെങ്ങ്-കാട്ടുകണ്ടം കണ്ടൽ വനം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഓച്ചിറ മേഖലാ കമ്മിറ്റി സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 4649/പരി1/13/നി.സെ.)

തെക്കൻ കേരളത്തിലെ ഏറ്റവും സമൃദ്ധവും വളരെയധികം പാരിസ്ഥിതിക പ്രാധാന്യമുള്ളതുമായ കൊല്ലം ജില്ലയിലെ ആലപ്പാട്ട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ആയിരം തെങ്ങ് കാട്ടുകണ്ടം കണ്ടൽവനത്തിൽ തീരദേശനിയമം ലംഘിച്ച് വൻ നിർമ്മാണ പ്രവർത്തനങ്ങൾ ഫിഷറീസ്‌വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നുവെന്നും കുട്ടനാട് പാക്കേജിന്റെ ഭാഗമായി വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ചുവെന്നും ഇതിനായി അര ഏക്കറോളം കണ്ടൽകാടും 150 വർഷത്തിലധികം പഴക്കമുള്ള 3 മാവുകളും നശിപ്പിച്ചുവെന്നും പരാതിയിൽ പറഞ്ഞിരുന്നു. 50 ഏക്കർ വരുന്ന ആയിരം തെങ്ങ് ഫിഷ് ഫാമും നിബിഡകണ്ടൽ വനവും ദേശാടനപക്ഷികൾ, ചെമ്മീൻ, നീർനായ, കരിമീൻ, ഞണ്ട്, ഞവണിക്ക തുടങ്ങി വിവിധയിനം ജീവജാലങ്ങളുടെ ആവാസകേന്ദ്രമാണ് പ്രസ്തുത പ്രദേശമെന്നും തീരദേശ പരിപാലന വിജ്ഞാപനം 2011-ന്റെ പട്ടിക 1-ൽ വരുന്നതും ചുറ്റുമുള്ള 50 മീറ്റർ പ്രദേശം ഇതിന്റെ ബഫറായും പ്രഖ്യാപിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു. 1998-ൽ സംസ്ഥാന സർക്കാർ സംരക്ഷിത കണ്ടൽവനമായി പ്രഖ്യാപിച്ച കാട്ടുകണ്ടം കണ്ടൽ വനത്തിൽ നിലവിലുള്ള നിയമങ്ങൾ ലംഘിച്ച് നടത്തുന്ന തലതിരിഞ്ഞ വികസന പ്രവർത്തനങ്ങൾ തടയണമെന്നതായിരുന്നു നിവേദനത്തിലെ പ്രധാന ആവശ്യം. നിവേദന വിഷയം സംബന്ധിച്ച് മത്സ്യബന്ധന തുറമുഖം, പരിസ്ഥിതി എന്നീ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

**മത്സ്യ ബന്ധന തുറമുഖ (സി) വകുപ്പ്**

(കത്ത് നമ്പർ 14248/സി1/13/മ.തു.വ., തീയതി, 5-6-2014)

ആയിരം തെങ്ങ് ഫിഷ് ഫാമിനെ കരിമീൻ വിത്തുല്പാദന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയുള്ള കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അഡാക്ക് നടപ്പിലാക്കിവരുന്നു. തദ്ദേശീയ മത്സ്യമായ കരിമീനിന്റെ പ്രജനനം വർദ്ധിപ്പിക്കുന്നതിനും കരിമീനിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനും വേണ്ടി ആയിരം തെങ്ങ് ഫിഷ് ഫാമിൽ കരിമീൻ ഹാച്ചറി നിർമ്മിക്കുന്നതിന്റെ ഭാഗമായി ടാങ്കുകളുടെ നിർമ്മാണത്തിനായി വനം വകുപ്പിന്റെ അനുമതിയോടെ ഏതാനും മാവുകൾ മുറിച്ചിരുന്നു. ടി ഹാച്ചറിക്ക് വേണ്ടി പ്രവർത്തനം നടത്തുന്ന സ്ഥലം റ്റി. എസ്. കനാലിൽ നിന്നും 300 മീറ്റർ മാറിയും കാട്ടുകണ്ടം കണ്ടൽ കാടിൽ നിന്നും 80 മീറ്റർ അകലെയുമാണ് സ്ഥിതി ചെയ്യുന്നത്. ഇതിനായി കണ്ടൽ കാടുകൾ നശിപ്പിച്ചിട്ടില്ല. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ഓച്ചിറ മേഖല കമ്മിറ്റിയുടെ പരാതിയിൽ പറയുന്നതുപോലെ കാട്ടുകണ്ടം കണ്ടൽ വനത്തിൽ, ഫിർമ യാതൊരു നിർമ്മാണ പ്രവർത്തനവും നടത്തുന്നില്ലായെന്ന് ഫിർമ, എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ നടത്തികൊണ്ടിരിക്കുന്നതും നടത്തുവാൻ ഉദ്ദേശിക്കുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങൾ റ്റി. എസ്. കനാലിൽ നിന്നും 300 മീറ്ററിൽ കൂടുതൽ അകലത്തിലും കാട്ടുകണ്ടം എന്നറിയപ്പെടുന്ന കണ്ടൽ കാടിൽ നിന്നും 80 മീറ്ററോളം അകലത്തിലുമാണ്. തീരദേശ വിജ്ഞാപന ഖണ്ഡിക 8 പ്രകാരം HTL (High Tide Line) നിന്നും 100 മീറ്റർ വരുന്ന പ്രദേശത്തിന് പുറത്തു വരുന്നതും NDZ (No Development Zone)-ൽ ഉൾപ്പെടാത്തതുമായ സ്ഥലമാണ്. തീരദേശ വിജ്ഞാപന ഖണ്ഡിക 7 പ്രകാരം 1000 ച. മീ. അധികം വിസ്തൃതി വരുന്നതുമായ കണ്ടൽ വനത്തിൽ നിന്നും 50 മീറ്റർ വരെയുള്ള പരിധിയിൽ വരുന്ന സ്ഥലം മാത്രമേ സോൺ 1-ൽ ഉൾപ്പെട്ട് വരുന്നുള്ളൂ. ആയതിനാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം പ്രത്യേക അനുമതി ആവശ്യമില്ല എന്നും അഡാക്ക്, എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാട്ടുകണ്ടം പ്രദേശത്ത് തീരദേശനിയമം ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തുന്നില്ല എന്ന് അറിയിച്ചുകൊള്ളുന്നു.

**പരിസ്ഥിതി (എ) വകുപ്പ്**

(കത്ത് നമ്പർ 4748/എ 2/2013/ പരി. തീയതി, 21-8-2015)

കുട്ടനാട് പാക്കേജിന്റെ ഭാഗമായി കരിമീനിന്റെ ഉത്പാദന വർദ്ധനവിനുവേണ്ടി കായംകുളം കായലിനോട് ചേർന്നുകിടക്കുന്ന ആയിരംതെങ്ങ് ഗവൺമെന്റ് ഫിഷ് ഫാമിനെ ഒരു കരിമീൻ വിത്തുൽപ്പാദന കേന്ദ്രമായി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള റേയ്സ് വേ

ഹാച്ചറിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഫിഷ് ഫാമിൽ നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണവും മത്സ്യങ്ങൾക്ക് തീറ്റ നിർമ്മിക്കുന്നതിനായി ഒരു തീറ്റ നിർമ്മാണയൂണിറ്റും മത്സ്യകർഷകർക്ക് ബോധവൽക്കരണക്ലാസ്സും പരിശീലന പരിപാടിയും നടത്തുന്നതിനായി ഒരു ട്രെയിനിംഗ് സെന്ററും ആണ് പ്രോജക്ട് ഉദ്ദേശിക്കുന്ന പ്രവൃത്തികൾ.

മേൽപ്രകാരം നിലവിൽ നടക്കുന്നതും നടത്തുവാൻ ഉദ്ദേശിക്കുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങൾ റ്റി. എസ്. കനാലിൽ നിന്നും 300 മീറ്ററിൽ കൂടുതൽ അകലത്തിലും, കാട്ടുകണ്ടം എന്നറിയപ്പെടുന്ന കണ്ടൽക്കാടിൽ നിന്നും 80 മീറ്ററോളം അകലത്തിലുമാണ്. തീരദേശ നിയന്ത്രണ വിജ്ഞാപനം (2011 ജനുവരി 6) ഖണ്ഡിക 8 പ്രകാരം HTL (High Tide Line) നിന്നും 100 മീറ്റർ വരുന്ന പ്രദേശത്തിന് പുറത്തുവരുന്നതും NDZ (No Development Zone)-ൽ ഉൾപ്പെടാത്തതുമായതാണ് സ്ഥലം. തീരദേശ വിജ്ഞാപന (2011 ജനുവരി-6) ഖണ്ഡിക 7 പ്രകാരം 1000 ച. മീറ്ററിൽ അധികം വിസ്തൃതിവരുന്നതായ കണ്ടൽവനത്തിൽ നിന്നും 50 മീറ്റർ വരെയുള്ള പരിധിയിൽ വരുന്ന സ്ഥലം മാത്രമെ സോൺ 1-ൽ ഉൾപ്പെട്ടുവരുന്നുള്ളൂ. ആയതിനാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ 6-11-2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം പ്രത്യേക അനുമതി ആവശ്യമില്ല.

റേയ്സ് വേ ഹാച്ചറിയുടെ ടാങ്കുകളും ഓഫീസ് കെട്ടിടങ്ങളും നിർമ്മിക്കുന്ന ആവശ്യത്തിലേക്കായി ഫാമിൽ നിന്ന് 16 വൃക്ഷങ്ങൾ (നാല് മാവും പന്ത്രണ്ട് തെങ്ങും) വെട്ടിമാറ്റിയിട്ടുണ്ട്. എന്നാൽ കണ്ടൽക്കാടുകൾ നശിപ്പിച്ചിട്ടില്ല. മാത്രമല്ല കാട്ടുകണ്ടം എന്ന കണ്ടൽ വനം ഇപ്പോഴും സംരക്ഷിത മേഖലയായി പരിഗണിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. വെട്ടിമാറ്റിയ വൃക്ഷങ്ങൾക്ക് പകരമായി പുതിയ വൃക്ഷത്തൈകളും തെങ്ങിൻ തൈകളും നടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ കേരളയുടെ റീജിയണൽ എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്.

നിവേദനത്തിലെ ആരോപണങ്ങളെക്കുറിച്ച് കൊല്ലം ഫോറസ്റ്റ് റേയ്ഞ്ച് ഓഫീസർ സ്ഥലപരിശോധന നടത്തി ചുവടെ ചേർക്കുന്ന പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെകീഴിൽ പ്രവർത്തിച്ചുവരുന്ന ജലകൃഷി വികസന ഏജൻസി, ഹാച്ചറി യൂണിറ്റും ഓഫീസ് കെട്ടിടങ്ങളും നിർമ്മിക്കുന്ന ആവശ്യത്തിലേക്കായി ഫാമിൽ നിന്നും പരാതിയിൽ സൂചിപ്പിച്ച പ്രകാരമുള്ള നാല് മാവും, പന്ത്രണ്ട് തെങ്ങുകളും ഉൾപ്പെടെ 16 വൃക്ഷങ്ങൾ വനംവകുപ്പിന്റെ മുൻകൂർ അനുവാദമില്ലാതെ വെട്ടിമാറ്റിയിട്ടുണ്ട്. ടി പ്രവൃത്തി സർക്കാർ നടപടിക്രമങ്ങളിലെ അജ്ഞതമൂലമാണ് സംഭവിച്ചുപോയിട്ടുള്ളത്.

ടി സ്ഥാപനം സർക്കാർ ഉത്തരവ് പ്രകാരമുള്ള ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് 5-6-2013-ൽ കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ച അപേക്ഷ പ്രകാരം പ്രസ്തുത സ്ഥലം പരിശോധിച്ച് ബോധ്യപ്പെട്ട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മരങ്ങൾക്ക് വിലനിർണ്ണയം നടത്തിനൽകിയിട്ടുള്ളതും, അപ്രകാരം നൽകിയ വിലനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ മുറിച്ചുമാറ്റിയ മരങ്ങൾ നിയമാനുസൃതം ലേലം ചെയ്തിട്ടുള്ളതുമാണ്. സ്ഥല പരിശോധനാവേളയിൽ കുടുംബശ്രീ പ്രവർത്തകർ കരഭാഗത്ത് നിൽക്കുന്ന കാടുകൾ വെട്ടിത്തെളിച്ച് വഴികൾ വൃത്തിയാക്കുന്നതായും ടി ജോലി ആലപ്പാട് പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളതെന്നും കണ്ടൽച്ചെടികൾ നശിപ്പിച്ചിട്ടില്ല എന്നും വനംവകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് നിലവിലുള്ള കണ്ടൽവനം പരിപൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് മാത്രമെ ആയിരം തെങ്ങ് ഫിഷ് ഫാമുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളും മറ്റും നടത്താവൂ എന്നും വികസന പ്രവർത്തനങ്ങൾക്കായി മരങ്ങൾ മുറിച്ചുനീക്കേണ്ട ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി മാത്രമേ മരങ്ങൾ മുറിച്ചുനീക്കാനാവൂ എന്നും മുറിച്ചുനീക്കംചെയ്യുന്ന മരങ്ങൾക്കു പകരം അനുയോജ്യമായ സ്ഥലത്ത് പത്തിരട്ടി വൃക്ഷത്തൈകൾ നട്ടുപരിപാലിക്കേണ്ടതാണ് എന്നുമുള്ള നിർദ്ദേശം ഫിഷറീസ് വകുപ്പിലെയും ആയിരംതെങ്ങ് ഫിഷ് ഫാമിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

നിവേദനത്തിന്മേൽ ലഭ്യമാക്കിയ സർക്കാർ മറുപടികൾ സമിതി പരിഗണിക്കുകയും വിവരം ഹർജിക്കാരെ അറിയിച്ച് പ്രതികരണം ആരായുകയും ചെയ്തു. എന്നാൽ നിവേദകനിൽ നിന്നും പ്രതികരണമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ നിവേദന വിഷയത്തിൽ പരിഹാരം ഉണ്ടായിട്ടുള്ളതായി സമിതി കരുതുന്നു.

(viii) കോട്ടയം നഗരസഭയുടെ മാലിന്യകേന്ദ്രത്തിൽ നിന്നുള്ള ദുർഗന്ധം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഇടപെടണമെന്നപേക്ഷിച്ചുകൊണ്ട് വിജയപുരം ഗ്രാമപഞ്ചായത്തംഗം ശ്രീ. റോയി ജോൺ എടത്തറ സമർപ്പിച്ച നിവേദനം സംബന്ധിച്ച്

(ഫയൽ നമ്പർ 5511/പരി1/2008/നി.സെ.)

കോട്ടയം നഗരസഭയുടെ മാലിന്യകേന്ദ്രം സ്ഥിതിചെയ്യുന്നത് വിജയപുരം ഗ്രാമപഞ്ചായത്തിലെ വടവാതൂർ എന്ന സ്ഥലത്താണെന്നും ഇവിടെ നിന്നുള്ള അസഹനീയമായ ദുർഗന്ധം കാരണം ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടിലാണെന്നും മാലിന്യങ്ങൾ കത്തിക്കുമ്പോഴുണ്ടാകുന്ന പുക

ശ്വസിച്ച് നിരവധി ആളുകൾ ചികിത്സയിലാണെന്നും, ശുദ്ധജലസ്രോതസ്സുകൾ മുഴുവൻ മലിനമാക്കപ്പെട്ടിരിക്കുന്നു എന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് സമർപ്പിച്ച പരാതി സമിതിയുടെ 29-9-2008-ലെ കോട്ടയത്തു നടന്ന തെളിവെടുപ്പുയോഗത്തിൽ പരിഗണിച്ചിരുന്നു. പ്രസ്തുത പരാതിയിന്മേൽ പരിസ്ഥിതി വകുപ്പിൽ നിന്നും 16-9-2009-ലെ 17831/എ 3/08/പരി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്തഭാഗം താഴെ ചേർക്കുന്നു:

"സംസ്കരണ പ്ലാന്റിൽ നിന്നും ദുർഗന്ധം ഉണ്ടാകുന്നു എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണെന്നും ജൈവമാലിന്യം കമ്പോസ്റ്റിംഗ് രീതിയിലൂടെ വളമാക്കി മാറ്റുമ്പോൾ സാധാരണ ഉണ്ടാകുന്ന ദുർഗന്ധം മാത്രമേ ഇവിടെനിന്നും ഉണ്ടാകുന്നുള്ളുവെന്നും പരിസരവാസികൾക്ക് ശല്യമുണ്ടാകുന്ന തരത്തിലുള്ള യാതൊരു പ്രവർത്തനവും ഇവിടെ നടക്കുന്നില്ലായെന്നും നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്".

"വർഷങ്ങളായി നിക്ഷേപിച്ചിരിക്കുന്ന മാലിന്യങ്ങൾ ലാന്റ് ഫില്ലിംഗ് സൈറ്റ് സജ്ജമാക്കി കഴിയുമ്പോൾ അവിടേക്ക് നീക്കം ചെയ്ത് സംസ്കരിക്കുന്നതാണെന്നും അപൂർവ്വം സന്ദർഭങ്ങളിൽ പഴയ മാലിന്യത്തിന് തീ പിടിക്കാറുണ്ടെന്നും അത് അപ്പോൾതന്നെ കെടുത്താറുണ്ടെന്നും പരാതിയിൽ ആരോപിക്കുന്നതുപോലെ വിഷപ്പുക ഉയർന്ന് ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന സ്ഥിതിവിശേഷം പ്ലാന്റിൽ ഇല്ലായെന്നും ലാന്റ് ഫില്ലിംഗ് സംവിധാനം ആരംഭിക്കുന്നതോടെ ഈ പ്രശ്നവും പരിഹരിക്കപ്പെടും എന്നും കോട്ടയം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്".

മേൽ പറഞ്ഞ സർക്കാർ റിപ്പോർട്ട് 6-1-2010-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ലാന്റ് ഫില്ലിംഗിനുള്ള സ്ഥലം എന്നത്തേക്ക് സജ്ജമാകുമെന്ന് പരിസ്ഥിതി വകുപ്പിനോട് ആരായുവാനും റിപ്പോർട്ട് വിവരം പരാതിക്കാരനെ അറിയിക്കുവാനും തീരുമാനിക്കുകയുണ്ടായി.

തുടർന്ന് 10-5-2010-ൽ ഈ വിഷയം സംബന്ധിച്ച് പരാതിക്കാരൻ വീണ്ടും സമിതിയ്ക്ക് നിവേദനം സമർപ്പിക്കുകയുണ്ടായി. മാലിന്യസംസ്കരണ പ്ലാന്റിൽനിന്നും ദുർഗന്ധം അനുഭവപ്പെടുന്നില്ല എന്ന നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് അടിസ്ഥാനരഹിതമാണെന്നും ഡംപിംഗ്യാർഡിൽ നിന്നുയരുന്ന രൂക്ഷമായ ദുർഗന്ധം ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും പ്രസ്തുത സ്ഥലം സന്ദർശിച്ച് മേൽനടപടികൾ സ്വീകരിക്കണമെന്നും ഹർജിക്കാരൻ തുടർ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

സമിതിയുടെ 30-10-2010-ലെ യോഗം ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 7-12-2010-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമായിരുന്നു:

ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിൽ നിന്നും "ലീച്ചെറ്റ്" പുറത്തേക്കൊഴുകുന്നതും, പക്ഷികൾ കടക്കാതിരിക്കാൻ സ്ഥാപിച്ചിട്ടുള്ള വല സംവിധാനം നശിച്ചതുമാണ് പരിസരം മലീമസമാകുവാൻ കാരണമെന്നും, ഖരമാലിന്യ സംസ്കരണ സംവിധാനത്തിന് കരാറേറ്റെടുത്ത M/s RAMKY കരാറടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയ സംസ്കരണ ജോലികൾ കാര്യക്ഷമമായി നടത്തുന്നില്ലായെന്നും യോഗത്തിൽ പരാതികളുയരുകയുണ്ടായി. വീടുകളിൽ നിന്നുതന്നെ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനും, തരംതിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒരു താൽക്കാലിക ഷെഡ്ഡ് നിർമ്മിച്ച് അവിടെ സൂക്ഷിച്ച് താമസംവിനാ ഷ്രെഡർ സ്ഥാപിച്ച് പൊടിക്കുന്നതിനും, ലീച്ചെറ്റ് സംഭരിച്ച് താൽക്കാലിക ശുദ്ധീകരണം നടത്തുന്നതിനും, സാനിട്ടറി ലാന്റ് ഫില്ലിംഗ് കാര്യക്ഷമമായി നടത്തുന്നതിനും, പ്ലാന്റിന് മുന്നിലെ പഴയ മാലിന്യങ്ങൾ ശാസ്ത്രീയമായി ക്യാപ്പ് ചെയ്യുന്നതിനും യോഗത്തിൽ തീരുമാനമെടുക്കുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമായും ശാസ്ത്രീയമായും നടത്തണമെന്ന് M/s RAMKY-യോട് നിർദ്ദേശിക്കുകയും, ശുചിത്വ മിഷന്റെ സംതൃപ്തി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ മാത്രം കരാർ സ്ഥാപനത്തിൽ പ്രവൃത്തികൾക്കുള്ള തുക കൈമാറുകയുള്ളു എന്ന നിബന്ധന ഏർപ്പെടുത്താനും തീരുമാനിക്കുകയുണ്ടായി. കൂടാതെ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടികൾ കൈക്കൊള്ളുവാനും തീരുമാനമെടുത്തിരുന്നു. നിലനിൽക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുവാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നേരിട്ട് പ്ലാന്റ് സന്ദർശനം നടത്തിയിരുന്നു. യോഗത്തെ തുടർന്ന് ശുചിത്വ മിഷന്റെയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും നേതൃത്വത്തിൽ പ്ലാന്റ് സന്ദർശനം നടത്തി. ശുചിത്വ മിഷൻ ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കുകയും ആയതിനനുസരിച്ച് സമയബന്ധിതമായി നഗരസഭയിലെ ഖരമാലിന്യ പരിപാലന സംവിധാനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നഗരസഭയ്ക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഇക്കാര്യത്തിൽ പരിസ്ഥിതി വകുപ്പിൽനിന്ന് 5-2-2010-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ഇത് സംബന്ധിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും റിപ്പോർട്ട് വരുത്തുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം ഭാരത സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള മുനിസിപ്പൽ സോളീഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് പ്രകാരം നാഗരിക ഖരമാലിന്യ ശേഖരണ-പരിവഹണ-സംസ്കരണ-നിർമ്മാർജ്ജനത്തിന്റെ

ചുമതല അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. കോട്ടയം മുനിസിപ്പാലിറ്റിയിൽ നിന്ന് ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ നഗരസഭ വിജയപുരം ഗ്രാമപഞ്ചായത്തിലെ വടവാതൂരിലുള്ള ഡംപിംഗ്യാർഡിലാണ് വർഷങ്ങളായി നിക്ഷേപിക്കുന്നത്. ആദ്യകാലങ്ങളിൽ ഇവിടെ മാലിന്യ സംസ്കരണ സംവിധാനമൊന്നുമില്ലായിരുന്നു. ദിവസേന 50 ടൺ ഖരമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള വിൻഡ്രോ കംമ്പോസ്റ്റിംഗ് പ്ലാന്റ് ഇപ്പോൾ അവിടെ നിലവിലുണ്ട്. ദിവസേന ഏതാണ്ട് 35 ടൺ മാലിന്യമാണ് ഇവിടെ എത്തിച്ചേരുന്നത്. മാലിന്യം മേൽക്കൂരയുള്ള ഒരു സ്ഥലത്താണ് സൂക്ഷിക്കുന്നത്. ഈ യാർഡിന്റെ ഒരു വശത്ത് വല കൊണ്ട് അടച്ചിട്ടുണ്ട്. 3 വശങ്ങൾ തുറന്നുകിടക്കുന്നു. കമ്പോസ്റ്റിംഗ് പ്ലാന്റ് പ്രവർത്തനക്ഷമമാണ്. ഇവിടെ മാലിന്യങ്ങൾ തരംതിരിക്കുന്നുണ്ട്. പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത മാലിന്യങ്ങളും (non biodegradable waste) പാഴ് വസ്തുക്കളും (rejects) നിർമ്മാർജ്ജനം ചെയ്യാനുള്ള ചട്ടങ്ങളിൽ അനുശാസിക്കുന്ന സാനിറ്ററി ലാന്റ് ഫിൽ സംവിധാനത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഇത്തരം മാലിന്യങ്ങൾ നിലവിലുള്ള ഡംപിംഗ് യാർഡിലാണ് നിക്ഷേപിക്കുന്നത്.

മുനിസിപ്പൽ സോളിഡ് വേസ്റ്റ്സ് ചട്ടങ്ങൾ പ്രകാരം 31-7-2010 വരെ സാധുതയുള്ള ആതറൈസേഷൻ മുനിസിപ്പാലിറ്റി ബോർഡിൽ നിന്നും നേടിയിട്ടുണ്ട്. എന്നാൽ ആയതിലെ മുഴുവൻ നിബന്ധനകളും മുനിസിപ്പാലിറ്റി പാലിച്ചിട്ടില്ല. ഇവിടെയുള്ള മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം രാംകി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന സ്ഥാപനം വഴിയാണ് മുനിസിപ്പാലിറ്റി നടത്തുന്നത്. പ്ലാന്റ് പ്രവർത്തിപ്പിക്കാനുള്ള അനുമതിക്കായി ഈ സ്ഥാപനം ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത പാഴ്വസ്തുക്കൾ (non biodegradable waste & rejects) നിർമ്മാർജ്ജനം ചെയ്യാൻ ചട്ടങ്ങളിൽ അനുശാസിക്കുന്ന സാനിട്ടറി ലാന്റ് ഫില്ലിന്റെ നിർമ്മാണം പൂർത്തിയാവാത്തതിനാൽ ബോർഡ് അനുമതി നൽകിയിട്ടില്ല.

സാനിട്ടറി ലാന്റ് ഫിൽ സംവിധാനം പൂർത്തിയാവുകയും ഖരമാലിന്യങ്ങൾ ഉൽപ്പാദന സ്ഥലങ്ങളിൽ തന്നെ തരംതിരിച്ച ശേഖരിച്ച 24 മണിക്കൂറിനകം കമ്പോസ്റ്റ് പ്ലാന്റിലെത്തിക്കുകയും ബോർഡിന്റെ ആതറൈസേഷനിലേയും പ്രവർത്തനാനുമതിയിലേയും ഇതര നിബന്ധനകൾ പാലിച്ച് പ്ലാന്റ് പ്രവർത്തിപ്പിക്കുകയാണെങ്കിൽ ഇവിടെ നിന്നുള്ള മലിനീകരണ പ്രശ്നങ്ങൾ ഗണ്യമായി പരിഹരിക്കാനാകുമെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

തുടർന്ന് 14-12-2011-ൽ ടി വിഷയത്തിൻമേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും മാലിന്യ സംസ്കരണത്തിന് ഒരു പൊതുമാനദണ്ഡം നിശ്ചയിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ് 15-6-2015-ലെ 32237/ഡിസി1/2014/ത.സ്വ.ഭ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ വിജയപുരം

പഞ്ചായത്ത് അധികൃതർ അനധികൃതമായി നഗരസഭവക ഡംപിംഗ്യാർഡ് 31-12-2013 മുതൽ പൂട്ടിയിട്ടിരിക്കുന്ന സാഹചര്യത്തിൽ നഗരസഭയിൽ നിന്നും മാലിന്യങ്ങൾ യാർഡിൽ നിക്ഷേപിക്കുന്നില്ലെന്നും ആയതിനാൽ പരാതിയിൽ പരാമർശിച്ചിരിക്കുന്ന പരിസര മലിനീകരണവും ശല്യവും നിലവിൽ ഇല്ലാത്തതാണെന്നും അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് 16-9-2015-ലെ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് വിവരം നിവേദകനെ അറിയിച്ച് പ്രതികരണം ആരായുകയുമുണ്ടായി.

ഹർജിക്കാരനിൽനിന്നും പ്രതികരണമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ പരാതിയ്ക്ക് ആസ്പദമായ കാര്യങ്ങൾ നിലവിലില്ല എന്ന് സമിതി വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

(ix) അനധികൃത പാറക്വാറിക്ക് കളക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയെന്നാരോപിച്ച് ശ്രീ. ആർ. സജീവ് കുമാർ, കൊട്ടാരക്കര സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 6077/പരി1/2014/നി.സെ.)

കളക്കട ഗ്രാമപഞ്ചായത്തിലെ ക്വാറിമാഫിയയെ പഞ്ചായത്ത് സെക്രട്ടറി വഴിവിട്ട് സഹായിക്കുന്നുവെന്നും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ജിയോളജിസ്റ്റിന്റെയും ഉത്തരവുകൾക്ക് വിരുദ്ധമായി പാറക്വാറികൾക്ക് പഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയത് കൈക്കൂലി വാങ്ങിയിട്ടാണെന്നും അപ്രകാരം നൽകിയ ലൈസൻസുകൾ പിൻവലിച്ച് പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടാണ് നിവേദനം സമർപ്പിച്ചിരുന്നത്. നിവേദനത്തിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടതനുസരിച്ച് തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 1-7-2015-ലെ 73349/ആർ.സി3/2014/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമായിരുന്നു:

പട്ടാഴി ഏറത്ത് വടക്ക് കിഴക്കേക്കര വീട്ടിൽ ശ്രീ. കെ. ഉദയൻ എന്നയാൾ കൊട്ടാരക്കര, കോട്ടാത്തല പടിഞ്ഞാറ് പ്രശാന്ത് ഭവനിൽ ശ്രീ. പ്രശാന്തിന്റെ ഉടമസ്ഥതയിലുള്ള പുത്തൂർ വില്ലേജിൽ സർവ്വെ നമ്പർ 370/16, 372/12 എന്നീ സർവ്വെ നമ്പരുകളിലുൾപ്പെട്ട സ്ഥലത്ത് 45 എച്ച്. പി. Jack Hammer ഉപയോഗിച്ച് പാറ ഖനനം നടത്തുന്നതിന് 13-5-2014-ൽ D&O Licence-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം ശ്രീ. പ്രശാന്ത്, ശ്രീ. ഉദയന്റെ പേരിൽ എഴുതി നൽകിയ സമ്മതപത്രം, വസ്തുവിന്റെ പ്രമാണം, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്,

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജിയോളജിസ്റ്റ് നൽകിയ ക്വാറിയിംഗ് പെർമിറ്റ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ എൻവയോൺമെന്റൽ എഞ്ചിനീയറുടെ സാക്ഷ്യപത്രം എന്നിവ ചേർത്തിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള ചെന്നൈ Controller of Explosives ശ്രീ. ഉദയൻ പേരിൽ നൽകിയിട്ടുള്ള ലൈസൻസിൽ പട്ടാഴി വില്ലേജിൽ സർവ്വെ നമ്പർ 683/15-ൽപ്പെട്ട സ്ഥലത്തേക്കുള്ള 'Possession for use of Explosives from magazine' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 25-6-2014-ലെ V(1)-ാം നമ്പർ തീരുമാനപ്രകാരം പുത്തൂർ വില്ലേജിൽ സർവ്വെ നമ്പർ 370/16, 372/12 പുരയിടത്തിൽ പാറഖനനം നടത്തുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രം/കൺസെന്റ് ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടതിനാൽ D & O Licence നൽകുന്നതിന് ഐകകണ്ഠ്യേന തീരുമാനിച്ചിട്ടുണ്ട്. ആയതിൻപ്രകാരം സർവ്വെ നമ്പർ 370/16, 372/12 എന്നീ സർവ്വെ നമ്പരുകളിൽ പാറഖനനം നടത്തുന്നതിന് 14-7-2014-ൽ സെക്രട്ടറി ലൈസൻസ് നൽകുകയുണ്ടായി. ടി ലൈസൻസ് നൽകുന്നതിന് ആധാരമായുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ക്വാറിയിംഗ് പെർമിറ്റ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൺസെന്റ് എന്നിവയിൽ സർവ്വെ നമ്പർ 370/16-ൽപ്പെട്ട 10.12 ആർ. സ്ഥലത്ത് പാറഖനനത്തിനുള്ള അംഗീകാരമാണ് ലഭ്യമായിട്ടുള്ളത്. അപ്രകാരം ബന്ധപ്പെട്ട അധികാരികളുടെ അനുമതിയില്ലാതെ 370/16, 372/12 എന്നീ സർവ്വെ നമ്പരുകളിൽ പാറഖനനം നടത്തുന്നതിന് സെക്രട്ടറി അനുമതി നൽകിയതിൽ, സെക്രട്ടറി വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. ഉദയൻ പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ 18-7-2014-ൽ നൽകിയ അപേക്ഷയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ലഭിച്ചത് 370/16 എന്ന സർവ്വെ നമ്പരിൽപ്പെട്ട വസ്തുവിന് മാത്രം ആയതിനാൽ, ആയതിന് മാത്രമായി ലൈസൻസ് നൽകണമെന്ന് അപേക്ഷിച്ചിരുന്നു. തുടർന്ന് 24-7-2014-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ V(1)-ാം നമ്പർ തീരുമാനപ്രകാരം ശ്രീ. ഉദയന്റെ അപേക്ഷ പ്രകാരം ടി ലൈസൻസ് സർട്ടിഫിക്കറ്റിൽ വന്നുചേർന്ന അപാകത തെറ്റായ സർവ്വെ നമ്പരായ 372/12 ഒഴിവാക്കി 370/16 സർവ്വെ നമ്പരിൽ മാത്രം പാറഖനനം നടത്തുന്നതിനുള്ള ലൈസൻസ് നൽകിക്കൊണ്ട് പരിഹരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും, ടി വിവരം കാണിച്ചുകൊണ്ട് അപേക്ഷകന് നോട്ടീസ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സെക്രട്ടറി, 25-7-2014-ൽ ശ്രീ. ഉദയൻ പേരിൽ നൽകിയ നോട്ടീസ് പ്രകാരം പാറഖനനം നടത്തുന്നതിന് നൽകിയ ലൈസൻസിൽ സർവ്വെ നമ്പർ 372/12 പുരയിടവും ക്ലറിക്കൽ മിസ്റ്റേക്കായി പരാമർശിച്ചിട്ടുള്ളതാണെന്നും, ആകയാൽ ടി സർവ്വെ നമ്പരിൽ പാറഖനനം അടക്കമുള്ള യാതൊരുവിധ പ്രവർത്തനങ്ങളും നടത്താൻ പാടില്ലാത്തതാണെന്നും, നൽകിയിട്ടുള്ള ലൈസൻസ് തിരികെ ഏൽപ്പിച്ച് സർവ്വെ നമ്പർ 370/16-ന് മാത്രമുള്ള ലൈസൻസ് കൈപ്പറ്റേണ്ടതുമാണെന്ന് അറിയിച്ചിരിക്കുന്നു. ആയതിൻ പ്രകാരം 30-7-2014-ൽ ടിയാന് നൽകിയിരുന്ന ലൈസൻസ് തിരികെ വാങ്ങി ക്യാൻസൽ ചെയ്യുകയും, സർവ്വെ നമ്പർ 370/16-ന് മാത്രമായി ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥല പരിശോധന നടത്തിയതിൽ ടി സ്ഥലത്ത് ഇതുവരെയും പാറഖനനം ആരംഭിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ലെന്നും, സെക്രട്ടറി കൈക്കൂലി വാങ്ങി എന്നത് സംബന്ധിച്ച് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടില്ലെന്നും കൊല്ലം, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും റിപ്പോർട്ട് വിവരം പരാതിക്കാരനെ അറിയിച്ച് പ്രതികരണം ആരായുകയും ചെയ്തു. എന്നാൽ ഹർജിക്കാരനിൽ നിന്നും പ്രതികരണമൊന്നും ലഭിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ ഹർജിയിന്മേലുള്ള തുടർ നടപടികൾ സമിതി അവസാനിപ്പിച്ചു.

(x) പാറഖനനം നിരോധിക്കണമെന്നാവശ്യപ്പെട്ട് എറണാകുളം ജില്ലയിലെ മണിയങ്കല്ല് നിവാസികൾ സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 1184/പരി1/13/നി.സെ.)

ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും റബ്ബർ കൃഷികൊണ്ട് അനുഗ്രഹീതവുമായ ഒരു മലനിരയും അതിന്റെ അടിവാരവും ഉൾപ്പെടുന്ന മണിയങ്കല്ല് എന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന പാറമടയും ക്രഷറും ജനജീവിതം ദുരിതപൂർണ്ണമാക്കുന്നുവെന്നും ഗുരുതരമായ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നും ക്വാറിയിലെ ഉഗ്രസ്ഫോടനങ്ങൾ നാട്ടുകാരുടെ സ്വൈരജീവിതത്തെ ബാധിക്കുന്നുവെന്നും സമീപത്തെ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നുവെന്നും പാറമടയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഭൂമാഫിയയുടെ ഭീഷണിയും ഉണ്ടായിസവും നാട്ടിൽ പരിഭ്രാന്തി സൃഷ്ടിക്കുന്നുവെന്നും ആയതിനാൽ പലരും കിട്ടിയ വിലയ്ക്ക് വീടും സ്ഥലവും വിറ്റ് അന്യനാടുകളിലേക്ക് പോകുന്നുവെന്നും മാത്രവുമല്ല ഈ പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളെയും ഈ പാറമടയുടെ പ്രവർത്തനം പ്രതികൂലമായി ബാധിക്കുന്നുവെന്നും ആയതിനാൽ അനധികൃതമായി പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയുടെയും ക്രഷറിന്റെയും പ്രവർത്തനം

തടയണമെന്നുമാണ് മണിയങ്കല്ല് നിവാസികൾ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്. നിവേദനത്തിന്മേൽ തദ്ദേശസ്വയംഭരണം, പരിസ്ഥിതി, റവന്യൂ എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ ചുവടെ ചേർക്കുന്നു:

## തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(കത്ത് നമ്പർ 30847/ആർ.സി3/2013/തസ്വഭവ., തീയതി 22-10-2013 )

മാറാടി ഗ്രാമപഞ്ചായത്തിലെ മണിയങ്കല്ല് പ്രദേശത്ത് മൂന്ന് വർഷത്തിലധികമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാറമട ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും, ഇത് ജീവനും സ്വത്തിനും ഹാനികരമാകുന്നതും സംബന്ധിച്ചാണ് ശ്രീ ജോർജ്ജ് ജോൺ തന്റെ പരാതിയിൽ പരാമർശിച്ചിരിക്കുന്നത്. ടി ഗ്രാമപഞ്ചായത്തിൽ ചെറുതും വലുതുമായി ഇരുപതോളം പാറമടകൾ പ്രവർത്തിക്കുന്നുണ്ട്. മണിയങ്കൽ പ്രദേശം വ്യത്യസ്ത കാർഷിക മേഖലയിലുള്ള ജനങ്ങൾ അധിവസിക്കുന്ന പ്രദേശമാകയാൽ പാറമടകൾ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നുണ്ട്. എന്നാൽ പരാതിക്കാസ്പദമായ ശ്രീ. കൊച്ചുകുടിയിൽ ഷാൻസ്പോൾ എന്നയാളുടെ ഉടമസ്ഥതയിലുള്ള പാറമട അനധികൃതമാണ് എന്ന വാദം ശരിയല്ല. നിയമാനുസൃതമായ എല്ലാ സാക്ഷ്യപത്രങ്ങളും കൺസെന്റും ലഭ്യമാക്കി പഞ്ചായത്തിന്റെ ലൈസൻസോടെയാണ് ടി പാറമട പ്രവർത്തിക്കുന്നത്. പാറമടയ്ക്ക് 160 മീറ്റർ ചുറ്റളവിൽ ജനവാസകേന്ദ്രങ്ങൾ ഇല്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം 30-6-2015 വരെ പുതുക്കി നൽകിയിട്ടുണ്ട്. 12 വർഷത്തേക്ക് നിയമസാധുതയുള്ള ക്വാറിയിംഗ് ലീസ് നിലവിലുണ്ട്. 31-3-2015 വരെ എക്സ്പ്ലോസീവ് ലൈസൻസ് നിലവിലുണ്ട്. 24-6-2014 വരെ short fires certificate -ഉം നിലവിലുണ്ട്. ഈ അനുമതിപത്രങ്ങളുടെ വെളിച്ചത്തിൽ 2012-2014 കാലയളവിലേക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

പാറമടയ്ക്ക് ലൈസൻസ് നൽകിയതിനെതിരെയുള്ള പരാതികൾ പരിഗണിക്കുന്നതിലേക്കായി പ്രസിഡന്റ് അധ്യക്ഷനായി ഒരു സബ്കമ്മിറ്റി രൂപീകരിച്ച പരാതിക്കാരും കമ്മിറ്റിയും തമ്മിൽ 18-2-2013-ൽ നടന്ന ചർച്ചയിൽ ടി പാറമടയുടെ പ്രവർത്തനം തടയേണ്ടതായ സാഹചര്യം ഇപ്പോൾ നിലവിലില്ലായെന്നും പരാതിക്കാസ്പദമായ കാര്യങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന 6 നിബന്ധനകൾ പാലിച്ചുകൊണ്ട് പാറമടയുടെ പ്രവർത്തനത്തിന് അനുമതി നൽകുന്നതിന് ശിപാർശ ചെയ്ത് സബ്കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

1. യൂണിറ്റിന്റെ പ്രവർത്തനം കർശനമായി സമയക്ലിപ്തത പാലിക്കേണ്ടതാണ്.
2. പ്രവർത്തന സമയം രേഖപ്പെടുത്തി ബോർഡ് സ്ഥാപിക്കേണ്ടതാണ്.

3. മണ്ണ് കൂട്ടിയിട്ടിരിക്കുന്നത് തട്ട് തട്ടാക്കി തിരിച്ച് സൈഡ് കെട്ടി മണ്ണൊലിപ്പ് ഉണ്ടാകാത്ത രീതിയിൽ സൈഡ് കെട്ടി കൃഷിയിറക്കി സംരക്ഷിക്കേണ്ടതാണ്.

4. ലോഡ് കയറ്റി കൊണ്ടുപോകുന്ന വാഹനങ്ങൾ പൊടി പറക്കാത്ത രീതിയിൽ മൂടിക്കെട്ടി കൊണ്ടുപോകേണ്ടതാണ്.

5. വാഹനങ്ങൾ റോഡിൽ പാർക്ക് ചെയ്യുവാൻ പാടില്ല. കോമ്പൗണ്ടിനുള്ളിൽ മാത്രം പാർക്ക് ചെയ്യേണ്ടതാണ്.

6. കമ്പനിയിൽ നിന്നുള്ള മലിനജലം തോട്ടിലേക്ക് ഒഴുക്കുന്നത് തടയേണ്ടതാണ്.

കൂടാതെ പാറമടയുടെ പ്രവർത്തനത്തിൽ പരാതിയുള്ള ഏതൊരാൾക്കും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 276(5) പ്രകാരം രൂപീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി 4-12-2013-ലെ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് വിവരം നിവേദകനെ അറിയിച്ച് പ്രതികരണം ആരായുകയും ചെയ്തു. ആയതിന് മണിയങ്കല്ല് നിവാസികൾക്കുവേണ്ടി ശ്രീ. ജോർജ്ജ് ജോൺ, മൂവാറ്റുപുഴ സമർപ്പിച്ച തുടർ നിവേദനത്തിൽ ഷാൻസ് പോളിന്റെ ഉടമസ്ഥതയിൽ മണിയങ്കല്ലിൽ പ്രവർത്തിക്കുന്ന പാറമടയും ക്രഷറും എല്ലാ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്നും പാറമടയുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ക്രഷർ യൂണിറ്റും പാറമടയും പ്രവർത്തിക്കുന്നതുകൊണ്ട് സ്ഥലവാസികൾക്ക് ഏതെങ്കിലും തരത്തിലുള്ള ദുരിതങ്ങൾ ഉണ്ടാകുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുന്നില്ലെന്നും പാറമടയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി നൽകിയ നിബന്ധനകൾ പാലിക്കപ്പെടുന്നില്ലെന്നും കാർഷിക മേഖലയായ മണിയങ്കല്ലിലെ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന പ്രസ്തുത പാറമടയുടെയും ക്രഷറിന്റെയും ലൈസൻസ് എത്രയുംവേഗം റദ്ദുചെയ്യണമെന്നും ആവശ്യപ്പെടുകയുണ്ടായി. ആയതിന് തദ്ദേശസ്വയംഭരണ (ആർസി.) വകുപ്പിന്റെ 6-9-2014-ലെ 54448/ആർ.സി3/14/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

മണിയങ്കല്ല് നിവാസി ആയ ശ്രീ. ജോർജ്ജ് ജോൺ പരിസ്ഥിതി സമിതി മുമ്പാകെ സമർപ്പിച്ച നിവേദനം, എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം വിശദമായി പരിശോധിച്ചതാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് നിയമസഭാ സമിതിക്ക് നൽകിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഹർജിക്കാരന് ആക്ഷേപമുള്ളപക്ഷം ബഹു. ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണെന്നും റിപ്പോർട്ട്

ചെയ്യിരുന്നു. ഈ സാഹചര്യത്തിൽ പരാതിക്കാരന് ആക്ഷേപമുള്ളപക്ഷം കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 276(5) പ്രകാരം രൂപീകരിച്ചിട്ടുള്ള ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണെന്നും ഈ വകപ്പിൽനിന്നും തുടർ നടപടികൾ ഒന്നും സ്വീകരിക്കാനില്ലായെന്നുമുള്ള വിവരം അറിയിക്കുന്നു.

### പരിസ്ഥിതി (എ) വകുപ്പ്

(കത്ത് നമ്പർ 1740/എ 3/13/പരി., തീയതി 19-1-2015)

മാറാടി ഗ്രാമപഞ്ചായത്തിൽ ഹന്ന റോക്ക് പ്രൊഡക്റ്റ്സ് പ്രൈ ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ മൂന്ന് ക്വാറികളും ഒരു ക്രഷറും പ്രവർത്തിക്കുന്നുണ്ട്. ടി ക്രഷറിനും ക്വാറികൾക്കും മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തനാനുമതി നൽകിയിട്ടുള്ളവയാണ്. 5-2-2014-ൽ നടത്തിയ പരിശോധനയിൽ ബോർഡിന്റെ പ്രവർത്തനാനുമതിയിലെ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് ക്രഷറും ക്വാറികളും പ്രവർത്തിക്കുന്നതെന്ന് ബോധ്യപ്പെട്ടു. ടി ക്വാറികളുടെ 100 മീറ്റർ ചുറ്റളവിൽ വീടുകളോ പൊതുറോഡോ നിലവിലില്ല. പാറമടകൾ എല്ലാംതന്നെ ബോർഡിന്റെ ദൂരപരിധി മാനദണ്ഡം പാലിക്കുന്നുണ്ട്. ബോർഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയ വേളയിൽ ക്വാറികളുടെ 250 മീ. അകലെ വീടുകളുള്ള താമസക്കാരോട് പാറമടയുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ആരായുകയുണ്ടായി. പാറമടയുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ അവർ ഉന്നയിച്ചില്ലായെന്നും ക്രഷറിന്റെയും ക്വാറികളുടെയും പ്രവർത്തനം മൂലം മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി പരിശോധനാ സമയത്തും ബോധ്യപ്പെട്ടില്ലായെന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്രഷറിൽ നിന്നുള്ള പൊടിശല്യംമൂലം ശ്വാസംമുട്ടൽ, അലർജി, ആസ്ത്മ തുടങ്ങിയ ബുദ്ധിമുട്ടുകൾ ജനങ്ങൾ അനുഭവിക്കുന്നു. കിണറിലെ വെള്ളം കുറയുന്നു, പെട്ടെന്ന് വരൾച്ച ഉണ്ടാകുന്നു, തോടുകൾ പാറപ്പൊടികൊണ്ട് നിറയുന്നു, പാറക്കഷണങ്ങൾ വീട്ടുമുറ്റത്ത് പൊട്ടിവീഴുന്നു എന്നീ പരാതികൾ ഹർജിക്കാർ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ക്രഷറിൽ നിന്നും 200 മീറ്ററിലധികം ദൂരത്തായി താമസിക്കുന്ന കോയിക്കപ്പറമ്പിൽ ജോമോന്റെ വീട്ടിൽ സന്ദർശനം നടത്തിയപ്പോൾ വീട്ടുകാർ ഇത്തരം പരാതികൾ ഉള്ളതായി അറിയിച്ചിട്ടില്ലെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. പരാതിക്കാരായ ജോർജ്ജ് ജോൺ, സാജു എന്നിവർ 250 മീറ്ററിലധികം ദൂരത്തായിട്ടാണ് താമസിക്കുന്നത്. പരാതിക്കാരായ 3 പേരല്ലാതെ മറ്റാരുംതന്നെ പൊടിശല്യത്തെക്കുറിച്ചോ മലിനീകരണത്തെക്കുറിച്ചോ സംസാരിക്കുകയുണ്ടായില്ല. അലർജി, ആസ്ത്മ തുടങ്ങിയ അസുഖങ്ങൾക്ക് കാരണമാകുന്നുവെന്ന് പരാതിക്കാർ പറയുന്നുണ്ടെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റോട്ടുകൂടിയ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിട്ടില്ല. വരൾച്ച, കിണറ്റിലെ വെള്ളം താഴൽ, തോടുകൾ മലിനമാകൽ ഇവയൊന്നും അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പരാതിയിൽ പറഞ്ഞിരിക്കുന്ന മലിനീകരണ പ്രശ്നങ്ങളൊന്നും അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

പരാതിക്കാസ്പദമായ കാര്യങ്ങൾ അന്വേഷിച്ച് ബോദ്ധ്യപ്പെടുന്നതിന് മാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായി സബ്കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 486-ാം നമ്പരായി തീരുമാനം എടുക്കുകയും സബ്കമ്മിറ്റിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെയും എതിർകക്ഷിയേയും നേരിൽ കേൾക്കുന്നതിനും പരാതി പരിഹരിക്കുന്നതിനും തീരുമാനിച്ചിരുന്നു. ആയതുപ്രകാരം 18-2-2013-ന് ഇരുകക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. പരാതിക്കാരും എതിർകക്ഷിയും സബ്കമ്മിറ്റിയും ഉൾപ്പെടെ നടത്തിയ ചർച്ചയിൽ പാറമടയുടെ പ്രവർത്തനം തടയേണ്ടതായ സാഹചര്യം നിലവിലില്ലെന്നും നിർദ്ദേശിക്കപ്പെടുന്ന നിബന്ധനകൾ കർശനമായി പാലിച്ചാൽ പരാതിക്കാസ്പദമായ കാര്യങ്ങൾ പരിഹരിക്കപ്പെടുന്നതാണെന്നും വിലയിരുത്തി. സ്ഥലത്തുപോയി അന്വേഷിച്ചതിൽ പരിസരവാസികൾ പരാതികൾ ഉള്ളതായി അറിയിച്ചിട്ടില്ലായെന്നും നാളിതുവരെ മറ്റ് പരാതികൾ ഒന്നും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭിച്ചിട്ടില്ല എന്നും മാറാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരവും റിപ്പോർട്ട് ചെയ്യുന്നു.

## റവന്യൂ (പി) വകുപ്പ്

(കത്ത് നമ്പർ 26040/പി2/13/റവ., തീയതി 1-9-2015)

മൂവാറ്റുപുഴ താലൂക്കിൽ മാറാടി വില്ലേജിൽ സർവ്വേ 85/3A, 85/3A2/85/3B2, 85/4A2 എന്നീ നമ്പറുകളിൽപ്പെട്ട 2.63 ഏക്കർ സ്ഥലത്ത് ഷാൻസ് പോൾ കൊച്ചുകടിയിൽ, ഈസ്റ്റ് മാറാടി എന്ന കക്ഷി മാനേജിംഗ് ഡയറക്ടറായി ഹന്ന റോക്ക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പാറമടയും ക്രഷർ യൂണിറ്റും 2007 മുതൽ പ്രവർത്തിച്ചുവരുന്നതാണ്. പ്രസ്തുത സ്ഥലത്ത് നടത്തിവരുന്ന ക്രഷർ യൂണിറ്റിന് എല്ലാവിധ ലൈസൻസുകളും ഉണ്ട്. ടി ക്രഷർ യൂണിറ്റിന്റെ 250 മീറ്റർ പരിധിക്കുള്ളിൽ ആൾതാമസമുള്ള ഒരുവീട് മാത്രമാണ് ഉള്ളത്. ടി താമസക്കാരൻ പരാതി ഉന്നയിച്ചിട്ടില്ല. പരാതിയിൽ പറയുന്ന പരാതിക്കാരെല്ലാം ടി ക്രഷർ യൂണിറ്റിൽ നിന്ന് ഏകദേശം 500 മീറ്റർ അകലെ താമസിക്കുന്നവരാണ്. സ്ഥലപരിശോധന നടത്തിയപ്പോൾ ക്രഷർ യൂണിറ്റിന്റെ പരിസരത്ത് യാതൊരുവിധ പൊടിപടലങ്ങൾ ഇല്ലാത്തതും പരിസരം നനച്ച് ജലമയമാക്കിയിട്ടുള്ളതുമാണ്. കൂടാതെ ആരക്കുഴ വില്ലേജിൽ ടി ക്രഷറിനോട് ചേർന്ന് രണ്ട് കരിങ്കൽ ക്വാറികൾ നടത്തി വരുന്നു. ആരക്കുഴ വില്ലേജ് മണിയങ്കല്ല് ഭാഗത്ത് സർവ്വെ 80/1A, 10, 11, 12, 15, 16 എന്നീ നമ്പറുകളിലും സർവ്വെ 80/1A2, 80/1A-17, 80/1A-18, 79/2 എന്നീ നമ്പരുകളിൽപ്പെട്ട

സ്ഥലത്താണ് ക്വാറികൾ നടത്തുന്നത്. ടി ക്വാറികൾ എല്ലാവിധ ലൈസൻസുകളോടും കൂടി പ്രവർത്തിക്കുന്നതാണ്. പ്രസ്തുത ക്വാറി യൂണിറ്റുകൾക്ക് താഴെ സൂചിപ്പിക്കും പ്രകാരം ലൈസൻസുകൾ ഉള്ളതാണ്.

| | ക്വാറി നമ്പർ 1 | ക്വാറി നമ്പർ 2 |
|---|---|---|
| 1. പഞ്ചായത്ത് ലൈസൻസ് | 9-2-2015 വരെ | 24-9-2014 വരെ |
| 2. മൈനിംഗ് ആന്റ് ജിയോളജി പെർമിറ്റ് | 8-3-2021 വരെ | 4-9-2025 വരെ |
| 3. പൊല്യൂഷൻ കൺട്രോൾ ബോർഡ് | 30-6-2015 വരെ | 24-9-2014 വരെ |
| 4. എക്സ്പ്ലോസീവ് ലൈസൻസ് | 31-3-2015 വരെ | 31-3-2015 വരെ |

ടി സ്ഥാപനങ്ങളുടെ 100 മീറ്റർ ചുറ്റളവിൽ ആൾതാമസമുള്ള വീടുകളോ ഇലക്ട്രിക് ലൈനുകളോ ആരാധനാലയങ്ങളോ ജലസ്രോതസ്സുകളോ പൊതുവഴിയോ ഒന്നും ഇല്ലാത്തതാണ്.

ടി പാറമടയിൽ പാറഖനനം നടത്തുന്നത് 6 മീറ്റർ വീതം താഴ്ചയിൽ ബഞ്ച് അടിച്ചാണ്. പാറപൊട്ടിക്കുന്നതിന് മുമ്പും ശേഷവും സ്ഥലവും അന്തരീക്ഷവും റോഡും വെള്ളം ഉപയോഗിച്ച് നനച്ച് വരുന്നതാണ്. ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത് തയ്യാറാക്കിയ ലോറിയിൽ ഘടിപ്പിച്ച വാട്ടർ സ്പ്രിംഗ്ളർ ആണ് ഉപയോഗിക്കുന്നത്.

പാറപൊട്ടിക്കുന്ന സമയത്ത് ഉണ്ടാകുന്ന പ്രകമ്പനത്തിന്റെ ശക്തി എത്രയുണ്ടെന്നും ആയത് നിലവിലുള്ള വീടുകളെ ബാധിക്കുന്നുണ്ടോയെന്നും മൈനിംഗ് ആന്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കർണാടക, സൂരത്കൽ മൈസൂർ എന്ന സ്ഥാപനം 24-2-2014-ൽ പഠനം നടത്തിയിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രകാരം സ്ഫോടനം വീടുകളെ ബാധിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്നു.

നിവേദനത്തിന്മേൽ വിവിധ സർക്കാർ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ഹർജിക്കാരനെ അറിയിക്കുകയും പ്രതികരണം ആരായുകയും ചെയ്തിരുന്നു. എന്നാൽ ഹർജിക്കാരനിൽ നിന്നും പ്രതികരണമൊന്നും ലഭിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പരാതിക്കാസ്പദമായ കാര്യങ്ങൾ ഏറെക്കുറെ പരിഹരിക്കപ്പെട്ടതായി സമിതി വിലയിരുത്തുകയും ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

904/2017.

(xi) കോൺക്രീറ്റ് മിക്സിംഗ് യൂണിറ്റ് അടച്ചുപൂട്ടുന്നതിനുള്ള നടപടി ആവശ്യപ്പെട്ട് ശ്രീ. അരുൺ, ബി., കഴക്കൂട്ടം സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 13/പരി.$_2$/2014/നി.സെ.)

കഴക്കൂട്ടം ടെക്നോപാർക്കിനടുത്ത് ജനസാന്ദ്രതാ മേഖലയിൽ സ്ഥാപിച്ചിരിക്കുന്ന കോൺക്രീറ്റ് മിക്സിംഗ് യൂണിറ്റിന്റെ പ്രവർത്തനംമൂലം സമീപ വാസികൾക്ക് ഭക്ഷണംപോലും കഴിക്കാൻ പറ്റാത്ത തരത്തിൽ അന്തരീക്ഷത്തിൽ പൊടിപടലങ്ങൾ നിറഞ്ഞിരിക്കുന്നുവെന്നും പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവെയ്ക്കുകയോ കാലഹരണപ്പെട്ട പ്ലാന്റ് മാറ്റി പുതിയ ഒന്ന് സ്ഥാപിക്കുകയോ വേണമെന്നും ആയിരുന്നു നിവേദനത്തിലെ ആവശ്യം. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പ്**

(കത്ത് നമ്പർ 7916/ആർ.സി.3/14/തസ്വഭവ., തീയതി 5-8-2014)

കോർപ്പറേഷന്റെ ആറ്റിപ്ര സോണൽ ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ സ്ഥലത്ത് പോയി അന്വേഷണം നടത്തുകയും ആയതിൽ ടെക്നോപാർക്കിന് ഉള്ളിലായി ടി.സി.എസ്.-നുവേണ്ടി പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിനുവേണ്ടിയുള്ള ഒരു മിക്സിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നതായും ടി പ്ലാന്റിനു സമീപം വീടുകൾ ഒന്നുംതന്നെയില്ലായെന്നും റിപ്പോർട്ടുചെയ്തിരിക്കുന്നു. ടി പ്ലാന്റ് ഇപ്പോൾ പ്രവർത്തിപ്പിക്കുന്നത് EUL എന്ന കമ്പനി ആകുന്നു. ടി മിക്സിംഗ് യൂണിറ്റിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ഉള്ളതായും, ആയതിന്റെ കാലാവധി 28-2-2014-ന് അവസാനിപ്പിച്ചതിനാൽ പുതുക്കി കിട്ടുന്നതിനായി അപേക്ഷിച്ചിട്ടുള്ളതും ആകുന്നു. ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന സമയത്ത് ടി പ്ലാന്റ് പ്രവർത്തിച്ചുകൊണ്ടിരുന്നതും തൽസമയം പൊടിശല്യം ഉണ്ടാകുന്നതായി കാണാൻ കഴിഞ്ഞിട്ടുള്ളതുമല്ല. എന്നാൽ ടി പ്ലാന്റിൽ സിമന്റ് ലോഡ് ചെയ്യുന്ന സമയത്ത് പൊടിശല്യം ഉണ്ടാകാൻ സാധ്യതയുള്ളതായി കാണുന്നുണ്ട്. ആകയാൽ ടി പൊടിശല്യം ഒഴിവാക്കുന്നതിനും, മലിനീകരണ നിയന്ത്രണബോർഡിന്റെ അനുവാദ പത്രം ഹാജരാക്കുന്നതിനും ഹെൽത്ത് ഇൻസ്പെക്ടർ നോട്ടീസ് നൽകിയിട്ടുണ്ട് എന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പരിസ്ഥിതി വകുപ്പ്**

(കത്ത് നമ്പർ 568/ബി2/14/പരി., തീയതി 27-4-2016)

തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം ടെക്നോപാർക്കിനടുത്ത് ടി.സി.എസ്. എന്ന കമ്പനിയുടെ കെട്ടിട നിർമ്മാണത്തിനായി കൺസോളിഡേറ്റഡ് കൺസ്ട്രക്ഷൻ കൺസോർഷ്യം ലിമിറ്റഡ് സ്ഥാപിച്ച റെഡിമിക്സ് പ്ലാന്റിന്റെ പ്രവർത്തനം മുഖേനയുള്ള മലിനീകരണം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ പരാതി

ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 31-12-2012-ൽ ബോർഡുദ്യോഗസ്ഥർ അന്വേഷണം നടത്തി. പരിശോധനയിൽ യൂണിറ്റിൽ നിന്നുള്ള പൊടി പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ബോധ്യപ്പെട്ടതിനാൽ വേണ്ട നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികൃതർക്ക് ബോർഡ് നിർദ്ദേശം നൽകി. തുടർന്ന് യൂണിറ്റിൽ നിന്നുള്ള പൊടിശല്യം കുറയ്ക്കുന്നതിനായി ഡസ്റ്റ് അറസ്റ്റർ സ്ഥാപിക്കുകയും ജി.ടി. ഷീറ്റ് കൊണ്ട് മറയ്ക്കുകയും ചെയ്തു. ബോർഡിന്റെ നിർദ്ദേശം പാലിച്ചതിനാൽ യൂണിറ്റിന് പ്രവർത്തനാനുമതി നൽകിയിരുന്നു. എന്നാൽ യൂണിറ്റിനെതിരെ വീണ്ടും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 5-3-2014-ൽ ബോർഡുദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ യൂണിറ്റിൽ നിന്നുണ്ടാകുന്ന സ്ലഡ്ജ് ശരിയായ രീതിയിൽ ശേഖരിക്കാതെ ഒഴുക്കിവിടുന്നതായി കണ്ടു. സ്ലഡ്ജ് ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുവാൻ ബോർഡ് നിർദ്ദേശം നൽകി.

23-7-2015-ൽ ബോർഡ് യൂണിറ്റിൽ വീണ്ടും പരിശോധന നടത്തിയിരുന്നു. പരിശോധനാവേളയിൽ ടി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടായിരുന്നു. മലിനജല ശേഖരണത്തിനായി collection-cum-settling tank സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും മലിനജലം ഭൂമിയിലേക്ക് ഒഴുക്കി പരിസരം ചെളികെട്ടി കിടക്കുന്നതായും ടി ജലം അടുത്തുള്ള ജലസ്രോതസ്സിലേക്ക് ഒഴുകുന്നതായും ബോർഡ് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ന്യൂനതകൾ ചൂണ്ടിക്കാട്ടി 3-9-2015-ൽ കാരണം കാണിക്കൽ നോട്ടീസ് യൂണിറ്റിന് നൽകിയിരുന്നു. ആയതിന്മേൽ മറുപടി ലഭിക്കാത്തതിനാൽ യൂണിറ്റ് അടച്ചുപൂട്ടാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് 27-11-2015-ൽ മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിരുന്നു. 22-1-2016-ൽ യൂണിറ്റിൽ ബോർഡ് വീണ്ടും പരിശോധന നടത്തി. പരിശോധനയിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ലായെന്നും യൂണിറ്റുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിർത്തി, സ്ഥലം ഒഴിഞ്ഞതായും അറിഞ്ഞുവെന്നും ആയതിനാൽ പരാതിക്ക് പരിഹാരമായിട്ടുണ്ടെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാരിൽ നിന്നും ലഭ്യമായ റിപ്പോർട്ട് വിവരം നിവേദകനെ അറിയിച്ചിരുന്നു. ടിയാനിൽ നിന്നും പ്രതികരണമൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ നിവേദകന്റെ പരാതിക്ക് പരിഹാരമുണ്ടായതായി സമിതി വിലയിരുത്തുകയും ഫയൽ നടപടി അവസാനിപ്പിക്കുകയും ചെയ്തു.

മുല്ലക്കര രത്നാകരൻ,
*അധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 22.

അനുബന്ധം I

31-8-2016-ലെ യോഗതീരുമാന പ്രകാരം നടപടി അവസാനിപ്പിച്ച ഫയലുകൾ

| | |
|---|---|
| 1 | കൊച്ചി നഗരത്തിൽ സ്വീവേജ് സംവിധാനം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 13771/പരി1/2004/നി.സെ.) |
| 2 | തളിപ്പുഴ കയ്യേറി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 12567/പരി1/2005/നി.സെ.) |
| 3 | കോഴിക്കോട് ജില്ല നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇടപെടണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 15478/പരി1/2005/നി.സെ.) |
| 4 | കൊല്ലം ജില്ലയിലെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 698/പരി1/2007/നി.സെ.) |
| 5 | വീടിനുചുറ്റും മലിനജലം കെട്ടിക്കിടക്കുന്നുവെന്ന് പരാതിപ്പെട്ട് ശ്രീമതി ഓമനയമ്മ സമർപ്പിച്ച പരാതി<br>(ഫയൽ നമ്പർ 1371/പരി1/2007/നി.സെ.) |
| 6 | തൃശ്ശൂർ അറവുശാലയുടെ പ്രവർത്തനംമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. ബാലചന്ദ്രൻ സമർപ്പിച്ച പരാതി<br>(ഫയൽ നമ്പർ 2540/പരി1/2007/നി.സെ.) |
| 7 | ബ്രഹ്മപുരം രാസമാലിന്യ പ്ലാന്റ് ഉയർത്തുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് മുൻ നിയമസഭാംഗം ശ്രീ. എ. എം. മോനായിയുടെ പരാതി<br>(ഫയൽ നമ്പർ 2542/പരി1/2007/നി.സെ.) |
| 8 | ഗുരുവായൂർ നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ<br>(ഫയൽ നമ്പർ 3235/പരി 1/2007/നി.സെ.) |
| 9 | പൂക്കോട് തടാക സംരക്ഷണം സംബന്ധിച്ച് ശ്രീ. സക്കീർ ഹുസൈൻ സമർപ്പിച്ച പരാതി<br>(ഫയൽ നമ്പർ 3250/പരി1/2007/നി.സെ.) |

| | |
|---|---|
| 10 | കടമ്പ്രയാർ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ മാലേരി പൗലോസ് സമർപ്പിച്ച പരാതി<br>(ഫയൽ നമ്പർ 2289/പരി1/2008/നി.സെ.) |
| 11 | പുഴയോട് ചേർന്നുകിടക്കുന്ന തോട്ടിലെ മാലിന്യം നീക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. ലക്ഷ്മണൻ സമർപ്പിച്ച പരാതി<br>(ഫയൽ നമ്പർ 4694/പരി1/2008/നി.സെ.) |
